# ഇതിഹാസം : കർണകഥകളെ അടിസ്ഥാനമാക്കിയുള്ള പുനർവായന

കേരള സർവ്വകലാശാലയിൽ ബി.എ ബിരുദപഠനത്തിന്റെ
ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം

സമർപ്പിക്കുന്നത്


| | | |
|---|---|---|
| ആഷ്ന സലിംകുമാർ | : | 11521101009 |
| Subject Code | : | ML 1645 |
| Examination Code | : | 115218603 |

**ബിഷപ്പ്മൂർ കോളജ്**

**മാവേലിക്കര**

(കേരള സർവ്വകലാശാല)


2024

AnyScanner

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് നം. |
| ആമുഖം | | | 1 |
| അധ്യായം I | : | **ഇതിഹാസത്തിലെ കർണ്ണൻ** | 3 |
| | 1.1. | വ്യാസൻ | 3 |
| | 1.2. | മഹാഭാരത അനാവരണം | 4 |
| | 1.3. | 'കർണ്ണൻ' ഇതിഹാസത്തിലെ വംശീയത | 5 |
| അധ്യായം II | : | **പാഞ്ചാലിയുടെ ജീവിത ദർശനം** | 10 |
| | 2.1. | ഇനി ഞാൻ ഉറങ്ങട്ടെ | 10 |
| | 2.2. | പാണ്ഡവ ദുർവിധി | 11 |
| | 2.3. | ദ്രൗപദി-കുന്തി വൈകാരികതലങ്ങൾ കർണ്ണനിലൂടെ | 12 |
| അധ്യായം III | : | **കർണജ്വാലകൾ സാവന്തിലൂടെ** | 15 |
| | 3.1. | ശിവാജി സാവന്ത് | 15 |
| | 3.2. | സാവന്തിന്റെ മൃത്യുഞ്ജയ | 15 |
| | 3.3. | വസു എന്ന വസുഷേണൻ | 18 |
| | 3.4. | ഹസ്തിനപുരിയും കർണഅരങ്ങേറ്റവും | 19 |
| | 3.5. | പാഞ്ചാലീ വസ്ത്രാക്ഷേപം | 22 |
| | 3.6. | അംഗരാജ്യവും സുയോധന സൗഹൃദവും | 23 |
| | 3.7. | ശ്രീകൃഷ്ണനും കുരുക്ഷേത്ര യുദ്ധവും | 25 |
| അധ്യായം IV | : | **കർണ്ണൻ എന്ന വാങ്മയചിത്രം** | 27 |
| | | ഇരുനോവലുകളിലെയും കഥാപാത്രചിത്രീകരണം | 27 |
| ഉപസംഹാരം | | | 32 |
| ഗ്രന്ഥസൂചി | | | |


SCAN AnyScanner

# പ്രസ്താവന

ബിഷപ്പ് മൂർ കോളജ് മലയാളവിഭാഗം ആറാം സെമസ്റ്റർ വിദ്യാർത്ഥിയായ **ആഷ്നസലിംകുമാർ** രജിസ്റ്റർ നമ്പർ (11521101009) സമർപ്പിക്കുന്ന ഈ പ്രബന്ധം ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്നു പ്രസ്താവിക്കുന്നു.

**ആഷ്ന സലിംകുമാർ**

AnyScanner

# മലയാള വിഭാഗം

## ബിഷപ്പ്മൂർ കോളജ്


## മാവേലിക്കര

## സാക്ഷ്യപത്രം

കേരള സർവ്വകലാശാല ബി.എ ബിരുദപഠനത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന **"ഇതിഹാസം : കർണകഥകളെ അടിസ്ഥാനമാക്കിയുള്ള പുനർവായന"** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധം കേളജിലെ ആറാം സെമസ്റ്റർ ബി.എ മലയാളം ഡിഗ്രി പ്രോഗ്രാം വിദ്യാർത്ഥിനിയായ **ആഷ്ന സലിംകുമാർ,** രജിസ്റ്റർ നമ്പർ (11521101009) നടത്തിയ മൗലിക പഠനത്തിന്റെ രേഖയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡോ.സജിനി ഡീനാ മാത്യു**
മലയാള വിഭാഗം മേധാവി
മലയാള വിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര

**കെ.രേഖ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര



# ആമുഖം

പുരാണേതിഹാസകഥകൾ ഏതു കാലത്തെയും സർഗപ്രതിഭകൾക്ക് പ്രചോദനമേകിയിട്ടുണ്ട്. ഭാരതത്തിന്റെ മഹത്തായ രണ്ട് ഇതിഹാസങ്ങൾ ആണ് 'രാമായണവും' 'മഹാഭാരതവും'. ഭാരതീയ സംസ്കാരത്തിന്റെയും മാനുഷികമൂല്യങ്ങളുടെയും ഉത്തമമാതൃകകളാണ് ഈ മഹാകാവ്യങ്ങളിലെ ഉപദേശങ്ങൾ. ഇതിഹാസങ്ങളെ അഞ്ചാംവേദം എന്നും ഛാന്ദോഗ്യോപനിഷത്തിൽ പറയുന്നുണ്ട്. ധർമം, അർത്ഥം, കാമം, മോക്ഷം എന്നിവ ഉപദേശിക്കുന്നതും കഥായുക്തവുമായ പൂർവവൃത്തമെന്നാണ് 'ശബ്ദതാരാവലി' എന്ന കൃതിയിൽ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള ഇതിഹാസത്തെ നിർവ്വചിച്ചിരിക്കുന്നത്. മഹാഭാരതവും രാമയാണവും ഭാരതത്തിലെ രണ്ട് മഹത്തായ ഇതിഹാസങ്ങളായി പറയപ്പെടുന്നുണ്ടെങ്കിലും വേദകാലത്ത് 'മഹാഭാരതം' ഇതിഹാസം എന്നും 'രാമായണം' ആഖ്യാനം എന്നൊരു വേർതിരിവ് നിലനിന്നിരുന്നു. ഭാരതത്തിലെ ഏറ്റവും ബൃഹത്തായ ഇതിഹാസമായി മഹാഭാരതത്തെ കണക്കാക്കുന്നു. മഹാഭാരതത്തെ പഞ്ചവേദമെന്നും വിളിക്കുന്നു. വേദവ്യാസൻ രചിച്ച അത്യോജ്വലമായ മഹാകാവ്യമാണ് മഹാഭാരതം എന്നത്. ഈ മഹാകാവ്യത്തെ അധികരിച്ചുകൊണ്ട് നിരവധി സാഹിത്യരൂപങ്ങൾ മലയാളത്തിലും മറ്റ് അനവധി ഭാഷകളിലും ഉണ്ടായിട്ടുണ്ട്. മഹാഭാരതത്തിലാകമാനം വ്യാപിച്ചു കിടക്കുന്ന അനേകായിരം കഥാപാത്രങ്ങളിൽ നിന്നും ചിലരെ അടർത്തിയെടുത്ത് അവരിലൂടെ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നതിൽ ആധുനികരായ കഥപറച്ചിലുകാർ അതീവതാൽപര്യം കാണിച്ചുവരുന്നു.

വ്യാസഭാരതത്തിലെ പ്രധാന കഥാപാത്രങ്ങളെ എടുത്തുനോക്കിയാൽ എക്കാലത്തും അലയടിക്കുന്ന ഒരു തിരയായ്, ജീവിതം എന്ന സമസ്യയുടെ അന്തരാർത്ഥത്തെ കാട്ടി തരുന്ന, പൂഴിയിലെ ഓരോ തരിയിലും ധർമത്തെ ദർശിക്കുന്ന, പ്രതിസന്ധികളുടെ ഒരു കൊടുങ്കാറ്റിലും ഉലയാതെ നിത്യദീപമായ് വിളങ്ങുന്ന, കഥാപാത്രമായി 'കർണൻ' നിലകൊള്ളുന്നു. കർണൻ എന്ന കഥാപാത്രത്തെ മുൻനിർത്തിക്കൊണ്ട് നിരവധി സാഹിത്യസൃഷ്ടികൾ മലയാളത്തിലും മറ്റനവധി ഭാഷകളിലും ഉണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ ശ്രദ്ധേയമായ രണ്ട് കൃതികളാണ് മറാത്തി നോവലിസ്റ്റ് ആയ ശിവാജി ഗോവിന്ദ് സാവന്തിന്റെ 'മൃത്യുഞ്ജയയും' (കർണൻ), പി.കെ.ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ' എന്നതും. ദ്രൗപദിയുടെ മനോവികാരങ്ങളിലൂടെ കർണനെ അതിമനോഹരമായി ആവിഷ്ക്കരിക്കുകയാണ് 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവലിൽ പി.കെ ബാലകൃഷ്ണൻ ചെയ്യു

ന്നത്. ദ്രൗപദിയെ കൂടാതെ കുന്തി-യുധിഷ്ഠിരൻ എന്നീ കഥാപാത്രങ്ങളും നോവലിൽ കടന്നു വരുന്നു. ശിവാജി ഗോവിന്ദ് സാവന്തിന്റെ "മൃത്യുഞ്ജയയിൽ" കർണ്ണൻ, ദുര്യോധനൻ, കുന്തി, ശ്രീകൃഷ്ണൻ എന്നീ കഥാപാത്രങ്ങളെ കേന്ദ്രബിന്ദുക്കൾ ആക്കിക്കൊണ്ട് അവരിലൂടെ കർണകഥ അതിസൂക്ഷ്മമായി അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. 'മൃത്യുഞ്ജയ' എന്ന മറാത്തി നോവൽ മലയാളത്തിലേക്ക് മൊഴിമാറ്റി 'കർണൻ' എന്ന് നാമകരണം ചെയ്തത് ഡോ.പി.കെ.ചന്ദ്രനും, ഡോ.ജയശ്രീയുമാണ്. 'കർണൻ' എന്ന ഈ വിവർത്തനത്തിന് കേന്ദ്രസാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. 'മൃത്യുഞ്ജയ' എന്ന സാവന്തിന്റെ ഈ നോവലിന് ഭാരതീയ ജ്ഞാനപീഠത്തിന്റെ 1995-ലെ മൂർത്തീദേവി പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

വ്യാസ ഇതിഹാസത്തിൽ കർണ്ണൻ എന്നും ജ്വലിക്കുന്ന കഥാപാത്രമായി ജനഹൃദയങ്ങളിൽ നിലകൊള്ളുന്നു. എന്തെന്നാൽ ഇതിഹാസത്തിലെ വംശീയതയുടെ ദൃഷ്ടാന്തമാണ് കർണ്ണൻ. 'ധർമം' എന്നതിനെ സ്വജീവിതം കൊണ്ട് മഹനീയമാക്കിയ മഹദ്വ്യക്തി. സ്വന്തം കർമ്മങ്ങൾ കൊണ്ട് മൃത്യുവിനെ പോലും ജയിക്കാനായ അതുല്യവ്യക്തിത്വം. അർഹനായിരുന്ന വീരൻ എന്ന പരിവേഷം ലഭിക്കാതെപോയ ഹതഭാഗ്യൻ. തന്റെ എല്ലാ പ്രശ്നങ്ങളെയും അസാധാരണമായ മനോധൈര്യം കൊണ്ട് നേരിട്ട് ജീവിതത്തെ അർത്ഥപൂർണ്ണമാക്കിയ മഹാൻ. ഇതിഹാസത്തിലെ ഈ കർണജ്വാലയെ ആവിഷ്കരണ മനോഹാരിതയിലൂടെയും ഭാവന തീവ്രതയിലൂടെയും ജ്വലിക്കുകയാണ് ശിവാജി സാവന്തും, പി.കെ.ബാലകൃഷ്ണനും അവരുടെ നോവലിലൂടെ ചെയ്യുന്നത്.

'മഹാഭാരതം' എന്ന ഇതിഹാസകാവ്യത്തെ അധികരിച്ച് പി.കെ.ബാലകൃഷ്ണൻ എഴുതിയ 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവലിലെ കർണ്ണനും മറാത്തി നോവലിസ്റ്റ് ആയ ശിവാജി സാവന്തിന്റെ 'മൃത്യുഞ്ജയ' (കർണൻ) എന്ന നോവലിലെ കർണനും എങ്ങനെ വേറിട്ടുനിൽക്കുന്നു എന്ന് അന്വേഷണവും ഒപ്പം വംശീയതയും ഈ പ്രബന്ധത്തിലെ ചർച്ചാവിഷയങ്ങളാകുന്നു.



SCAN AnyScanner

ഇങ്ങനെ ദ്രൗപദിയുടെ മനോവികാരങ്ങളിലൂടെ തെളിഞ്ഞുവരുന്ന കർണനെ വൈകാരിക ബന്ധങ്ങളിലൂടെ അതിമനോഹരമായിട്ടാണ് ഈ നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. ദ്രൗപദിയുടെ മനോവികാരങ്ങളിലൂടെ കർണകഥ വരച്ചു കാട്ടുന്നതിനോടൊപ്പം തന്നെ ജീവിതത്തെപ്പറ്റിയുള്ള ഒരു തീക്ഷ്ണമായ സങ്കൽപ്പവും നോവലിസ്റ്റ് നോവലിലൂടെ പ്രതിപാദിക്കാൻ ശ്രമിക്കുന്നു. മലയാള സാഹിത്യത്തിലെ ഒരു അത്യോജ്വല കൃതിയായി തന്നെ പി.കെ.ബാലകൃഷ്ണന്റെ ഈ നോവൽ കണക്കാക്കാം. എന്തെന്നാൽ മലയാള സാഹിത്യത്തിൽ ഇത്ര ഗൗരവമായി കർണനെയും ദ്രൗപദിയെയും വരച്ചുചേർത്ത ഒരു നോവൽ ഉണ്ടോയെന്ന് സംശയമാണ്. 1973-ലാണ് പി.കെ.ബാലകൃഷ്ണന്റെ "ഇനി ഞാൻ ഉറങ്ങട്ടെ" എന്ന നോവൽ പുസ്തകം ആകുന്നത്. 1978-ലെ വയലാർ അവാർഡ് പി.കെ.ബാലകൃഷ്ണന്റെ ഈ മനോഹരമായ നോവലിന് ലഭിച്ചു. ഈ നോവൽ പല ഭാഷകളിലേക്കും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷിൽ 'Let me Sleep' എന്ന പേരിലും തമിഴിൽ 'ഇനി ഞാൻ ഉറങ്ങട്ടും' കന്നഡയിൽ 'ഞാൻ ഇന്ന് നിദ്രസുവേ' എന്ന പേരിലും വിവർത്തനം ചെയ്തിട്ടുണ്ട്. ഇംഗ്ലീഷിൽ തന്നെ രണ്ടാമതൊരു വിവർത്തനം 'ബാറ്റിൽ ബിയോണ്ട് കുരുക്ഷേത്ര' എന്ന പേരിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് 2017-ൽ പ്രസിദ്ധീകരിച്ചു.

### പാണ്ഡവ ദുർവിധി

"അവൾ സ്വയംമറന്ന് ശാപവചുസ്സുച്ചരിക്കും പോലെ
ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു"
കർണൻ ! കർണൻ ! കർണൻ !

ഇത് ദ്രൗപദിയുടെ വാക്കുകളാണ്. പാണ്ഡവ ദുർവിധിയുടെ പര്യായമായി കർണനെ അവർ കണക്കാക്കുന്നു. പാണ്ഡവരുടെ ആജന്മശത്രു, അർജുനനാൽ കൊല്ലപ്പെട്ട തങ്ങളുടെ ജ്യേഷ്ഠനാണെന്ന് അറിയുന്ന യുധിഷ്ഠിരൻ ജീവിത വിരക്തനാകുന്നു. ശത്രുവിന്റെ മരണത്തിൽ സന്തോഷത്തിനു പകരം യുധിഷ്ഠിരനിൽ ഉണ്ടായ ഭാവമാറ്റം ദ്രൗപദിയെ അസ്വസ്ഥയാക്കുന്നു. ജ്യേഷ്ഠനിഗ്രഹത്തിന് പ്രതിഫലമെന്നോണം യുധിഷ്ഠിരൻ തപോവനത്തിൽ ഏർപ്പെടാൻ സ്വയമേ തീരുമാനിക്കുന്നു. എന്നാൽ വിശ്വവിജയിയായ യുധിഷ്ഠിരന്റെ പത്നിയായി തീരാൻ ആഗ്രഹിച്ച ദ്രൗപദിക്ക് ഇത് താങ്ങാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. ഒരു ആയുസ്സിൽ തനിക്ക് സഹിക്കാൻ കഴിയുന്നതിൽ കൂടുതൽ വേദന സഹിച്ചവളാണ് താനെന്ന് ദ്രൗപദി സ്വയമേ വിലയിരുത്തുന്നു. പാണ്ഡവർക്ക് വിധിക്കപ്പെട്ട ദുർവിധിക്ക് പിന്നിലും കർണൻ ആണെന്ന് ദ്രൗപദി അടിവരയിട്ട് വിശ്വസിക്കുന്നു.



AnyScanner

# ഇതിഹാസത്തിലെ കർണ്ണൻ

## വ്യാസൻ

മഹാഭാരതത്തിലെ രചയിതാവ് എന്നറിയപ്പെടുന്ന ഋഷിയാണ് കൃഷ്ണ ദ്വൈപായനൻ എന്ന വ്യാസമഹർഷി. മഹാഭാരതത്തിലെ രചയിതാവ് എന്നതിനു പുറമേ അതിലെ ഒരു കഥാപാത്രവുമാണ്. വ്യാസൻ എന്നാൽ വ്യസിക്കുന്നവൻ എന്നർത്ഥം. വേദത്തെ നാലാക്കി പകുത്തതിനാൽ വേദവ്യാസൻ എന്ന നാമത്തിലും ഇദ്ദേഹം അറിയപ്പെടുന്നു. സപ്തചിരഞ്ജീവികളിൽ ഒരാളാണ് വേദവ്യാസൻ. പരാശരമുനിക്കും സത്യവതി എന്ന മുക്കുവ സ്ത്രീക്കും ജനിച്ച വ്യാസന്റെ ആദ്യനാമം കൃഷ്ണൻ എന്നായിരുന്നു. ജനനം ദ്വീപിൽ ആയതിനാൽ പിന്നീട് കൃഷ്ണദ്വൈപായനൻ എന്ന പേരിൽ അറിയപ്പെട്ടു. ഇദ്ദേഹത്തിന്റെ ജീവിതം രണ്ട് വശങ്ങളിലായി ദർശിക്കാം. ആധ്യാത്മികമെന്നും, ഭൗതികമെന്നും. ജനിച്ച ഉടൻ തന്നെ വളരുകയും സ്വഗൃഹം ഉപേക്ഷിച്ച് തപസ്സിനായി പോയ വ്യാസൻ അനേകം വർഷങ്ങൾക്കു ശേഷം സരസ്വതി നദീതീരത്ത് പ്രത്യക്ഷനാവുന്നു. അവിടെ കുരുവിക്കുഞ്ഞുങ്ങളെ അതിന്റെ മാതാപിതാക്കൾ പരിചരിക്കുന്നത് കണ്ട് തനിക്കു പുത്രൻ ഇല്ലല്ലോ എന്ന് ദുഃഖിക്കുകയും, നാരദമുനിയുടെ നിർദേശപ്രകാരം ദേവിയെ തപസ്സുചെയ്ത് പ്രീതിപ്പെടുത്താൻ നിശ്ചയിച്ചു. തപസ്സിനു വിഘ്നം വരുത്തുക എന്ന ഉദ്ദേശത്തോടെ 'ഘൃതാചി' എന്ന അപ്സരസ്ത്രീ ഒരു പഞ്ചവർണ്ണക്കിളിയുടെ രൂപമെടുത്ത് ഇദ്ദേഹത്തിന്റെ മുന്നിലൂടെ കടന്നുപോയി. കിളിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ മഹർഷിയ്ക്ക് കടഞ്ഞു കൊണ്ടിരുന്ന അരണിയിൽ നിന്നും ഒരു പുത്രൻ ജനിച്ചു. ശുകത്തെ മോഹിച്ചപ്പോൾ ഉണ്ടായ പുത്രൻ എന്ന നിലയിൽ സ്വപുത്രനെ 'ശുകൻ' എന്ന് നാമകരണം ചെയ്തു. കാലങ്ങൾക്കു ശേഷം വിവാഹിതനായ ശുകൻ പിതാവിനെയും കുടുംബത്തെയും ഉപേക്ഷിച്ച് തപസ്സുചെയ്യാനായി പുറപ്പെട്ടു. മനോവിഷമത്താൽ അവശനായ വ്യാസൻ ആ സമയം തന്റെ മാതാവിനെക്കുറിച്ച് ആലോചിക്കുകയും അങ്ങനെ ഹസ്തിനപുരിയിലേക്ക് തിരിക്കുകയും ചെയ്തു.

ജീവിതത്തിന്റെ അവസാനകാലങ്ങളിലാണ് വ്യാസമഹർഷി മഹാഭാരതരചന നടത്തിയത്. ഏകദേശം രണ്ടര വർഷം കൊണ്ടാണ് ഈ കാവ്യരചന പൂർത്തിയാക്കിയത്. ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം ശ്രീഗണപതിയാണ് എല്ലാ കഥകളും ഹൃദിസ്ഥമായിരുന്ന വ്യാസനെ ഭാരതകഥ കാവ്യരൂപത്തിലാക്കുവാൻ സഹായിച്ചത്. ലോകത്തിലെ ഏറ്റവും ബൃഹത്തായ ഇതിഹാസങ്ങളിലൊന്നാണ് മഹാഭാരതം എന്നത്.



AnyScanner

മഹാഭാരതത്തിന്റെ രചനയാണ് വ്യാസമഹർഷിയുടെ മഹത്തരമായ സംഭാവന.

**മഹാഭാരത അനാവരണം**

ലോകത്തിലെ ഏറ്റവും ബൃഹത്തായ ഇതിഹാസ കൃതികളിൽ ഒന്നാണ് വേദ വ്യാസൻ എഴുതിയ 'മഹാഭാരതം' എന്നത്. ഭാരതവംശത്തിൽ പിറന്നവരെക്കുറിച്ചുള്ള ഗ്രന്ഥമായതിനാലും ആശയമഹത്വം ഏറിനിൽക്കുന്നതിനാലും ഈ ഗ്രന്ഥത്തെ മഹാ ഭാരതം എന്ന് നാമകരണം ചെയ്തിരിക്കുന്നു. "മഹാഭാരതം അനവധി ആകർഷങ്ങ ളായ ആഖ്യാനങ്ങളുടെ കലവറയാണ്", സങ്കീർണ്ണങ്ങളായ സംഭവപരമ്പരകളുടെ സംഗ മസ്ഥാനമാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും ബാഹ്യന്തര ജീവിതത്തിന്റെ സമ ഗ്രതകൊണ്ട് സമ്പന്നമാണ് ഈ കാവ്യം. ഭിന്നഭാവങ്ങളെ പ്രതിനിധാനം ചെയ്യുന്ന അസംഖ്യം കഥാപാത്രങ്ങൾ വ്യക്തിവികാസത്തിന്റെ തനിമയോടെ തലയുയർത്തി നിൽക്കുന്ന വിസ്മയജനകമായ രംഗസ്ഥലമാണത്. നൂറായിരം ജീവിത സമസ്യക ളുടെ നൂലാമാലകൾ ഇഴപിരിച്ചു നോക്കുകയും പിണച്ച് ചേർക്കുകയും ചെയ്ത് ഭദ്ര മാക്കി അവതരിപ്പിച്ച മഹത്തായ ജീവിതഗാഥയാണ് മഹാഭാരതം.

"യദി ഹാസ്തി തദ്നയത്ര, യന്നോഹാസ്തി ന കുത്രചിൽ"

അതായത് 'ഇവിടെയുള്ളത് മറ്റു പലയിടത്തും ഉണ്ടായിരിക്കാം എന്നാൽ ഇവി ടെയില്ലാത്തത് മറ്റെങ്ങും ഉണ്ടായിരിക്കുക ഇല്ല'. ഇത് ഈ പുസ്തകത്തിൽ തന്നെ സ്വയം വിശേഷണമാണ്. മഹാഭാരതത്തെ സംബന്ധിച്ചിടത്തോളം ഈ വിശേഷണം തികച്ചും അർത്ഥവത്തായതു തന്നെയാണ്. മഹത്വം കൊണ്ടും ഗുരുത്വം കൊണ്ടും അത്രയും ശ്രേഷ്ഠമാണ് ഈ കാവ്യം. 18 പർവ്വങ്ങൾ അടങ്ങുന്ന ഈ കാവ്യം എക്കാ ലത്തും എഴുതപ്പെട്ടിട്ടുള്ള ഏറ്റവും മഹത്തായ ഹൈന്ദവ ഇതിഹാസങ്ങളിൽ ഒന്നാ ണ്. 'ധർമ്മം' കേന്ദ്രവിഷയം ആവുന്ന ഈ കാവ്യത്തിൽ ഭക്തിയും, ദാർശനികവു മായ ഉള്ളടക്കവും ഇതിൽ അടങ്ങിയിരിക്കുന്നു. കുരുക്ഷേത്ര യുദ്ധത്തിന്റെയും കൗര വരുടെയും പാണ്ഡവരുടെയും വിധിയെക്കുറിച്ചുള്ള ഇതിഹാസ വിവരണത്തിനു പുറമേ മഹാഭാരതത്തിൽ "ജീവിതത്തിന്റെ നാലുലക്ഷ്യങ്ങൾ" അല്ലെങ്കിൽ പുരു ഷാർത്ഥങ്ങൾ പോലുള്ള നിരവധി ദാർശനികവും ഭക്തി സാന്ദ്രവുമായ വസ്തുക്കൾ അടങ്ങിയിരിക്കുന്നു. ധർമം (ശരിയായ പ്രവർത്തി), അർത്ഥം (ഉദ്ദേശം), കാമം (ആന ന്ദം), മോക്ഷം (മോചനം) എന്നിങ്ങനെയാണ് അവ, നാല് ലക്ഷ്യങ്ങൾ.

'18' പർവ്വങ്ങളായാണ് മഹാഭാരതം വിഭജിക്കപ്പെട്ടിരിക്കുന്നത്. ആദിപർവ്വം, സഭാപർവ്വം, വനപർവ്വം, വീരാടപർവ്വം, ശാന്തിപർവ്വം, അനുശാസനാപർവ്വം, അശ്വ മേദ പർവ്വം, സ്ത്രീപർവ്വം, ആശ്രമവാസിക പർവ്വം, മുസലപർവ്വം, മഹാപ്രസ്ഥാനിക



AnyScanner

പർവ്വം, സ്വർഗ്ഗാരോഹണ പർവ്വം എന്നിവയാണവ. മഹാഭാരതം ഭാരതവംശത്തിന്റെ കഥയാണ്. മഹാഭാരത കഥയുടെ നട്ടെല്ല് എന്നത് കൗരവ-പാണ്ഡവ വൈരം ആണ്. അതുകൊണ്ടു തന്നെ കഥ പാണ്ഡുവിന്റെയും ധൃതരാഷ്ട്രരുടെയും ജനനത്തിൽ തുടങ്ങുന്നു. ഭീമൻ ദുര്യോധനനെ വധിക്കുന്നിടത്താണ് പ്രധാനകഥയുടെ അവസാനം. പ്രധാനകഥ ഒരു നൂറ്റാണ്ടിനെ ഉൾക്കൊള്ളുന്നു. മുഴുവൻ കഥയും കൂടി കണക്കിലെടുക്കുകയാണെങ്കിൽ അതു നൂറ്റാണ്ടുകളുടെ കഥയാകും. കൗരവ-പാണ്ഡവരുടെ പ്രപിതാമഹനായ കൃഷ്ണദ്വൈപായനൻ എന്ന വ്യാസമഹർഷി രചയിതാവും സ്വയം ഒരു കഥാപാത്രമാണ്.

മഹാഭാരതത്തെ അടിസ്ഥാനമാക്കിയും അതിലെ പ്രധാന കഥാപാത്രങ്ങളെ മുൻനിർത്തി കൊണ്ടും ഭാരതത്തിൽ ധാരാളം സാഹിത്യസൃഷ്ടികൾ ഉണ്ടായിട്ടുണ്ട്. ഈ സാഹിത്യസൃഷ്ടികൾ സഹൃദയരെ അത്യധികം ആകർഷിച്ചിട്ടുമുണ്ട്. ഇത്തരം സാഹിത്യസൃഷ്ടിയിലൂടെ സഹൃദയർക്ക് വ്യാസഭാരതത്തെ കൂടുതൽ അറിയുവാനും ജീവിതം എന്ന പടക്കളത്തിലെ ധർമ്മാധർമ്മങ്ങൾ പരിശോധിച്ച് പുതിയ മാനങ്ങൾ സൃഷ്ടിച്ച് ജീവിതത്തിന്റെ പരമമായ അർത്ഥതലങ്ങളിലേക്ക് ചെന്നെത്തുവാൻ ഈ കാവ്യം സഹായിക്കുന്നു.

## 'കർണൻ' ഇതിഹാസത്തിലെ വംശീയത

ഭാരതീയ ഇതിഹാസ കാവ്യമാണ് മഹാഭാരതം. ഇതിലെ ഒരു സുപ്രധാന കഥാപാത്രമാണ് കർണൻ. സൂര്യപുത്രനായി ജനിച്ചുവെങ്കിലും സൂതപുത്രനായി വളർന്നവൻ. ജാതിയുടെ പേരിൽ ഒട്ടേറെ അപമാനങ്ങൾ ഏററുവാങ്ങേണ്ടിവന്ന കഥാപാത്രമാണ് കർണൻ. എന്നാൽ അപാരമായ മനോധൈര്യം കൊണ്ട് അതിനെ നിസ്സാരീകരിക്കുവാൻ കർണനു ആത്മവിശ്വാസം തുണയാകുന്നു. അധർമ്മത്തോടൊപ്പം നിൽക്കുമ്പോഴും ധർമ്മത്തെ അത്യന്തം പരിപാലിച്ചവനാണ് കർണൻ. നിസ്വാർത്ഥൻ, ദാനശീലൻ, ദീനദയാലു എന്നീ സംബോധനകൾ കർണന് വളരെയധികം ചേരുന്നവയാണ്. അപാരമായ മനോധൈര്യം, സഹനശക്തി, പൗരുഷം എന്നിവയാണ് കർണനെ മറ്റുള്ള കഥാപാത്രങ്ങളിൽ നിന്ന് വ്യത്യസ്തനാക്കി മാറ്റുന്നത്. വ്യാസഭാരതത്തിൽ സൂതപുത്രൻ, രാധേയൻ, അതിരഥി, സൂര്യപുത്രൻ, അംഗേശൻ, വസുഷേണൻ തുടങ്ങി അനേകം പേരുകളിൽ ഇദ്ദേഹം പ്രസിദ്ധനാണ്. സൂര്യഭഗവാന് കുന്തിയിൽ ജനിച്ച ആദ്യപുത്രനാണ് കർണൻ. തന്റെ കൗമാരകാലത്ത് ദുർവ്വാസാവ് മഹർഷി കുന്തിക്ക് ദേവകളെ പ്രസാദിപ്പിക്കുന്നതിലൂടെ മക്കളെ ലഭിക്കുന്നതിനുള്ള വരം നൽകി. ഈ വരത്തിൽ വിശ്വാസം വരാതെ കുന്തി സൂര്യഭഗവാനെ വിളിക്കുകയും തൽഫല



AnyScanner

മായി കുന്തിക്ക് ഒരു കുഞ്ഞ് പിറക്കുകയും ചെയ്തു. അതാണ് 'കർണ്ണൻ'. സ്വർണ്ണ വർണ്ണമായ ആജന്മ കുണ്ഡലങ്ങൾ ധരിച്ച് വിളങ്ങിയിരുന്ന ആ ക്ഷത്രിയബാലൻ തന്റെ സൽപ്പേരിന് കളങ്കമായി തീരും എന്ന ചിന്തയിൽ 'കുന്തി' ആരുമറിയാതെ ആ ബാലനെ ഒരു കുട്ടയിലാക്കി നദിയിലേക്ക് ഒഴുക്കി വിടുന്നു. അങ്ങനെ സൂര്യതേജസ്സുള്ള ആ ദിവ്യബാലനെ തേരാളിയായ അതിരഥൻ കാണുകയും, അദ്ദേഹവും അദ്ദേഹത്തിന്റെ പത്നിയായ രാധയും കൂടി ആ ബാലനെ എടുത്തുവളർത്തുന്നു. അങ്ങനെ 'കൗന്തേയൻ' എന്ന് അറിയപ്പെടേണ്ട കർണ്ണൻ പിന്നീട് രാധേയനായി സൂതൻ എന്ന മേൽവിലാസത്തിൽ വളരുന്നു. കുന്തിയുടെ മൂത്തപുത്രനായും, പാണ്ഡവരുടെ മൂത്ത ജ്യേഷ്ഠനായും സർവ്വകീർത്തിയാലും സുഖഭോഗങ്ങളാലും വളരേണ്ടിയിരുന്ന കർണ്ണൻ യഥാർത്ഥത്തിൽ വളർന്നുവന്നത് ഒട്ടേറെ യാതനകളും പീഡനങ്ങളും സഹിച്ചാണ്. സൂതൻ എന്ന മേൽവിലാസത്തിൽ വളർന്നതുകൊണ്ട് ഒട്ടേറെ അപമാനങ്ങൾ സഹിക്കേണ്ടി വരികയും ഒപ്പം അർഹമായ പലസ്ഥാനങ്ങളും നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. തന്റെ കഴിവിലും സാമർത്ഥ്യത്തിനും ഉപരിയായി ജാതിക്കു പ്രാധാന്യം നൽകിയ സമൂഹമായിരുന്നു കർണ്ണനുചുറ്റും.

എല്ലാം ഉണ്ടായിട്ടും ഒന്നും ഇല്ലാത്തവനെപോലെ വളരേണ്ടി വന്നു. അതിരഥന്റെ മകനായി വളരേണ്ടി വന്ന ഇദ്ദേഹം വാസ്തവത്തിൽ പാണ്ഡുവിന് ശേഷമുള്ള അടുത്ത കുരുവംശത്തിന്റെ അവകാശിയായിരുന്നു. കർണ്ണൻ ജനിച്ചത് കവചകുണ്ഡലങ്ങളോടു കൂടിയും ക്ഷത്രിയനായും, സൂര്യപുത്രനായിട്ടുമാണ്. പക്ഷേ വളർന്നത് സൂതപുത്രനായിട്ട്. ജനിച്ചപ്പോൾ തന്നെ പെറ്റമ്മയാൽ ഉപേക്ഷിക്കപ്പെട്ടവനാകുന്നു. ശേഷം തന്റേതല്ലാത്ത ജാതിയിൽ, തന്റെ യഥാർത്ഥ മാതാപിതാക്കൾ ആരെന്ന് പോലും അറിയാതെ വളർന്നു. സൂതനായി വളരേണ്ടി വന്നതിന്റെ പേരിൽ അർഹമായ വിദ്യകളും സ്ഥാനങ്ങളും നിഷേധിക്കപ്പെടുന്നു. ദ്രൗപദിയുടെ സ്വയംവര ചടങ്ങിൽ പങ്കെടുക്കുന്ന കർണ്ണനോടായി സദസ്സ് മുഴുവൻ കേൾക്കുവാൻ ദ്രൗപദി പറയുന്നുണ്ട് സൂതപുത്രനെ വിവാഹം കഴിക്കാൻ തനിക്ക് സാധ്യമല്ലായെന്ന്. ഇതു കേൾക്കുന്നതും അപമാനിതനായി നിസ്സഹായനായി തീരുകയാണ് കർണ്ണൻ. ഒരു പക്ഷേ കർണ്ണൻ ദ്രൗപദിയെ മോഹിച്ചിട്ടുണ്ടാവാം. അങ്ങനെ താൻ മനസ്സിൽ ആഗ്രഹിച്ച പെണ്ണിനെയും കർണ്ണന് തന്റെ ജാതിയുടെ പേരിൽ നഷ്ടമാകുന്ന ഒരവസ്ഥ നമുക്ക് മഹാഭാരതത്തിൽ കാണുവാൻ സാധിക്കും. തന്റേതല്ലാത്ത ജാതിയിൽ വളരേണ്ടി വരുമ്പോഴും യാതനകളും അപമാനങ്ങളും നിരന്തരം സഹിക്കുകയും ഏറ്റുവാങ്ങുകയും ചെയ്യുമ്പോഴും കർണ്ണന് അറിയാമായിരുന്നു താൻ സൂതപുത്രൻ അല്ലെന്ന്.



AnyScanner

എന്തെന്നാൽ വളർത്തുപിതാവായ അതിരഥൻ പറഞ്ഞിട്ടുണ്ട് ഒഴുകി കിട്ടിയതാണെന്ന്. "ജനിച്ചപ്പോഴേ ദിവ്യമായ കവചകുണ്ഡലങ്ങളോടെയാണ് നീ വന്നത്. അതുകൊണ്ട് അച്ഛനാരെന്നോ അമ്മയാരെന്നോ ഒന്നും തന്നെ അറിയില്ല". ഇവിടെ ഹൈദരാലി പാടി പൊലിപ്പിച്ച 'കർണശപഥത്തിലെ' പദങ്ങളെ നമുക്ക് കൂട്ടിചേർക്കാവുന്നതാണ്. അച്ഛനാരാണ്? അമ്മയാരാണ്? ഞാനാരാണ്? ഇതിൽ തന്റെ സ്വത്വത്തെ അന്വേഷിക്കുന്ന കർണനെ നമുക്ക് കാണാം.

മഹാഭാരതത്തിലെ കർണന്റെ പ്രധാന അരങ്ങേറ്റം ആയുധപരീക്ഷണ ശാലയിൽ വെച്ചാണ്. പാണ്ഡുവിന്റെ മൂന്നാമത്തെ പുത്രനും ദ്രോണരുടെ പ്രിയ ശിഷ്യനുമായ അർജ്ജുനൻ അമ്പുകൾ അയച്ച് കാണികളെ വിസ്മയം കൊള്ളിക്കുന്നു. മത്സരകളരിയിലെങ്ങും അർജുനൻ വിജയാരവങ്ങൾ മുഴക്കി നൂറായിരം ജനങ്ങൾ പാണ്ഡുപുത്രന്റെ കഴിവിൽ ആഹ്ലാദം പ്രകടിപ്പിക്കുന്നു. മത്സരകളരിയിലെ ഒന്നാംകിട വില്ലാളിയായി ഗുരു ദ്രോണർ അർജുനനെ വിജയിയായി പ്രഖ്യാപിക്കുകയും, വിജയമാല അണിയിക്കുവാനായി പോകുകയും ചെയ്യവേ പ്രവേശനകവാടത്തിൽ നിന്ന് 'നിർത്ത്' എന്ന് ഇടിമുഴക്കത്തെപോലും നാണിപ്പിക്കുന്ന വിധത്തിൽ ഒരു ഒച്ച കേൾക്കുന്നു. ഗുരു ദ്രോണരുടെ കയ്യിലിരുന്ന വിജയമാല അതിന്റെ പ്രകമ്പനത്താൽ താഴെ വീഴുന്നു. ശേഷം ധൃതരാഷ്ട്രമഹാരാജാവിന്റെ അനുവാദവും വാങ്ങി, അർജുനൻ അസ്ത്രവീര്യനെപോലെ നിൽക്കുമ്പോൾ ലോഹത്തിലെ അമ്പുകൾ ഓരോന്നായി കർണൻ എയ്ത് അമ്പുകൾ കൊണ്ട് ഭൂമിയിൽ സ്വവസതിയുണ്ടാക്കി. ഉയർന്നു തല കുത്തി നിൽക്കുന്ന അമ്പിനെ വീണ്ടും മുകളിലേക്കുയർത്തി നിലം തൊടുവാനനുവദിക്കാതെ അമ്പുകൾ കൊണ്ട് വായുവിൽ നൃത്തം ചെയ്യിപ്പിച്ചു. കാണികൾ അഭിനന്ദന രൂപത്തിൽ ഇരമ്പി. അവസാന മത്സരം 'ശബ്ദഭേദനം' എന്നാണ്. ഈ മത്സരത്തിൽ മത്സരാർത്ഥി ശബ്ദം കേൾക്കുന്ന ദിശയിലേക്ക് ഉന്നം തെറ്റാതെ അമ്പെയ്യണം. ഈ മത്സരത്തിൽ മത്സരാർത്ഥിയുടെ കണ്ണുകൾ മൂടപ്പെട്ടിരിക്കും. മത്സരാർത്ഥിയുടെ എതിർവശത്തായി ഒരു നായയെ കെട്ടിയിട്ടു. അത് കുരക്കുമ്പോൾ അമ്പെയ്യണം. എന്നാൽ ഇവിടെ മത്സരവേളയിൽ നായ കുരയ്ക്കുന്നതിനു മുൻപായി ദൂരെ ഒരു കിളിയുടെ കൊഞ്ചൽ കർണൻ ശ്രവിക്കുകയുണ്ടായി. ആയതിനാൽ ആ വില്ലാളി ശരം വിട്ടത് ആ ദിശയിലേക്കായിരുന്നു. എന്നാൽ ഈ കാര്യം ഗുരു ദ്രോണർ പോലും ശ്രദ്ധിക്കുകയുണ്ടായില്ല. കാണികളും ഗുരു ദ്രോണരും കർണനെ പരാജിതനായി പ്രഖ്യാപിച്ചു കൊണ്ട് വീണ്ടും അർജ്ജുനന് വിജയമാല ചാർത്തി. താൻ തോറ്റു എന്ന പ്രഖ്യാപനത്താൽ കർണൻ വളരെ ക്ഷീണിതനായി അവിടെ നിന്നു. അങ്ങനെ ദുഃഖം



AnyScanner

സഹിക്കവയ്യാതെ സഹോദരനൊപ്പം മടങ്ങി. എന്നാൽ ഭീഷ്മപിതാമഹൻ ഇന്നത്തെ ഒന്നാംകിട വില്ലാളി കർണ്ണനാണെന്ന് പ്രഖ്യാപിച്ചു. ഈ വാക്കുകൾ കർണ്ണനെ അത്യധികം സന്തോഷിപ്പിച്ചു. കർണ്ണൻ എയ്ത ശരം എങ്ങോട്ടേക്കാണെന്നും അതിന്റെ കാരണവും വിവരിക്കുന്നു. പക്ഷേ വില്ലാളിയായി പ്രഖ്യാപനത്തിനു ശേഷവും ജാതിയുടെ പേരിൽ കർണ്ണന് അർഹമായ വിജയമാല അണിയുവാൻ സാധിച്ചില്ല. തനിക്ക് അർഹമായ വിജയമാല നേടിയെടുക്കാൻ ആഗ്രഹിച്ച കർണ്ണൻ ആചാര്യന്മാരോടായി ജനങ്ങൾ കേൾക്കെ അർജുനനോട് ദ്വന്ദ്വയുദ്ധം ചെയ്യുന്നതിനായി വെല്ലുവിളിച്ചു. എന്നാൽ ദ്വന്ദ്വയുദ്ധത്തിന്റെ നിയമങ്ങൾ അറിയാവുന്ന കൃപാചാര്യർ വന്നു നിയമങ്ങളെപ്പറ്റി പറയുന്നു. ദ്വന്ദ്വയുദ്ധത്തിനു മുമ്പ് കുലവും പൈതൃകവും അറിയണം. സമാനകുലരല്ലാത്തവരോട് ക്ഷത്രിയർ ദ്വന്ദ്വയുദ്ധം പതിവില്ല. ശേഷം അർജ്ജുനനെ പരിചയപ്പെടുത്തുന്നു. തുടർന്ന കർണ്ണനോട് പേരും കുലവും പറയാൻ ആവശ്യപ്പെടുന്നു. ശൗരത്താൽ ജ്വലിച്ചു നിന്നിരുന്ന ആ കണ്ണുകൾ വിളറി കർണ്ണൻ നിസ്സഹായനായി തീരുകയാണ്. ഈ മുഹൂർത്തത്തിൽ ദുര്യോധനൻ കൃപാചാര്യരോട് പറയുന്നു. “പോരാളിക്ക് പേര് പ്രശ്നമല്ല, പോരാളിക്ക് കുലം പ്രശ്നമല്ല, പോരാളി പോരാളി തന്നെയാണ്”. ശേഷം ദുര്യോധനന് കിട്ടിയ അംഗരാജ്യം കർണ്ണനു ദാനം ചെയ്യുന്നതായി പറയുന്നു. ശേഷം ബ്രാഹ്മണർ മന്ത്രം ചൊല്ലി കർണ്ണന്റെ ശിരസ്സിൽ മൂന്ന് ജലകുംഭങ്ങൾ ചൊരിഞ്ഞ് അഭിഷേകം ചെയ്യുന്നു. ഈ അവസരത്തിലാണ് പ്രദർശനശാലയുടെ വാതിൽക്കൽ വൃദ്ധനായ അതിരഥൻ മകനെ തിരഞ്ഞ് വരുന്നത് കാണുന്നത്. അപ്പോഴാണ് കർണ്ണൻ സൂതനായ അതിരഥന്റെ പുത്രനാണെന്ന് മനസ്സിലാകുന്നത്. കർണ്ണൻ സൂതനാണെന്ന് അറിയുമ്പോൾ ഭീമൻ കർണ്ണനെ കളിയാക്കുന്നു. ഈ അവസരത്തിലും ദുര്യോധനൻ കർണ്ണനുവേണ്ടി വാദിക്കുകയും ഭീമന് നേരെ ചോദ്യശരങ്ങൾ ഉയർത്തുകയും ചെയ്യുന്നുണ്ട്.

കർണ്ണൻ നിസ്സഹായനായി തീർന്ന വേളയിൽ സഹായഹസ്തങ്ങളുമായി വന്നവനാണ് ദുര്യോധനൻ. അതുകൊണ്ട് ദുര്യോധനനോട് കർണ്ണൻ അത്യധികം കടപ്പെട്ടിരിക്കുന്നു. തന്റെ ജീവിതത്തിലുടനീളം ധർമത്തിന്റെ പാതയിൽ സഞ്ചരിക്കാൻ ശ്രമിക്കുന്ന കർണ്ണന് തന്റേതല്ലാത്തൊരു കാരണത്താൽ അധർമ്മത്തോടൊപ്പം നിൽക്കേണ്ടിവരുന്ന സാഹചര്യം നമുക്ക് മഹാഭാരതത്തിൽ കാണാൻ സാധിക്കും. ദുര്യോധനനോടുള്ള കടപ്പാടു കാരണമാണല്ലോ ഭഗവാൻ വാസുദേവന്റെ പ്രലോഭനത്താലും, മാതാവ് കുന്തിയുടെ വാക്കുകളിലും കർണ്ണൻ വീഴാതിരുന്നത്. യുദ്ധം അടുക്കാറാകുമ്പോൾ ഭഗവാൻ വാസുദേവൻ കർണ്ണനോട് താൻ ആരാണെന്ന് വെളിപ്പെടുത്തുന്നു.



AnyScanner

"കൗരവപക്ഷത്ത് നിൽക്കരുത്, നീ പാണ്ഡവരുടെ ജ്യേഷ്ഠനാണ്. വരൂ പാണ്ഡവരുടെ മൂത്ത ജ്യേഷ്ഠനാകൂ....! നിനക്ക് രാജ്യാധികാരം, നീ രാജാവ് ഒപ്പം പാഞ്ചാലിയും", ശേഷം കുന്തിയും പറയുന്നു. "നീ നമ്മുടെ മൂത്ത പുത്രനാണ്, നീ കൗരവ പക്ഷത്തു നിൽക്കരുത്" എന്ന്. ഒരുപക്ഷേ കർണ്ണൻ കുന്തിയുടെയും കൃഷ്ണന്റെയും പ്രലോഭനത്തിൽ വഴങ്ങിയിരുന്നെങ്കിൽ കർണ്ണൻ സൂതൻ എന്ന മേൽവിലസത്തിൽ നിന്നും മോക്ഷം ലഭിച്ചേനേ. ജാതിയുടെ പേരിൽ താഴേണ്ടി വന്ന ശിരസ്സും നിറഞ്ഞൊഴുകിയ മിഴികളും ഇനിയൊരിക്കലും അതിനിടവരില്ലായിരുന്നു. എന്നാൽ കർണ്ണൻ തന്റെ സുഖങ്ങൾക്കും വേദനകൾക്കും അപ്പുറമായി ചിന്തിച്ചത് ദുര്യോധനനോട് തനിക്കുള്ള കടപ്പാടിനെക്കുറിച്ച് മാത്രമായിരുന്നു. കാരണം അപമാനത്തിന്റെ കൊടുമുടിയിൽ നിന്നും തന്നെ കൈപിടിച്ചുയർത്തിയവനാണ് ദുര്യോധനൻ. അതുകൊണ്ട് ദുര്യോധനനെ കൈവിട്ടുകൂടാ.

"കൈവിടാത്തൊരുവനാണല്ലെ കർണ്ണൻ"

പാണ്ഡവപക്ഷത്തേക്ക് ചേരുവാനായി പറയുന്ന കുന്തിയോടായി കർണ്ണൻ പറയുന്നുണ്ട്. ഒരുപക്ഷേ താൻ മകനാണെന്ന സത്യം അന്ന് മത്സരക്കളരിയിൽ ഞാൻ അപമാനിതനായി നിൽക്കുന്ന വേളയിലായിരുന്നു മാതാവ് പറഞ്ഞിരുന്നതെങ്കിൽ നമുക്ക് ഒരിക്കലും കൗരവപക്ഷത്ത് നിൽക്കേണ്ടി വരില്ലായിരുന്നു. രംഗഭൂമിയിൽ വെച്ച് കർണ്ണൻ അർജുനനോടായി ദ്വന്ദ്വയുദ്ധത്തിനു വെല്ലുവിളിക്കുന്ന വേളയിൽ യുധിഷ്ഠിരനും, ഭീമനും കർണ്ണനെ അപമാനിക്കുമ്പോൾ താഴ്ന്ന ശിരസ്സിനെ ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചത് ദുര്യോധനൻ മാത്രമാണ്. ഈ സന്ദർഭത്തിൽ കവി അനിൽ പനച്ചൂരാന്റെ കർണ്ണനെ കുറിച്ചുള്ള ഈ വരികൾ വളരെയധികം ജ്വലിച്ചു നിൽക്കുന്നു.

"കൂറുള്ള കൂട്ടാളി കർണ്ണൻ, വീറുള്ള വില്ലാളി കർണ്ണൻ"

അധർമത്തോടൊപ്പം നിന്നുകൊണ്ട് ധർമത്തെ പുനഃസ്ഥാപിച്ചവനാണ് കർണ്ണൻ. ഇങ്ങനെ അധർമ്മത്തിലുള്ള ധർമ പ്രതിനിധിയായ് നിലകൊണ്ടവനാണ് കർണ്ണൻ. ഇങ്ങനെ നിത്യമായ ആത്മനിന്ദയ്ക്കകത്ത് ധർമ്മാധർമ്മങ്ങളുടെ സന്ദിഗ്ദ്ധ സ്ഥാനമായി സ്വയം നിലകൊണ്ടവനാണ് കർണ്ണൻ. ഇങ്ങനെ നിലകൊണ്ടതുകൊണ്ടാവാം കർണ്ണന്റെ വ്യക്തിത്വം വേറിട്ടതും, അതിശക്തമായ കഥാപാത്രമായി ഈ കാലഘട്ടത്തിലും നിലകൊള്ളുന്നത്.



AnyScanner

## അദ്ധ്യായം - 2

## പാഞ്ചാലിയുടെ ജീവിതദർശനം

കേരളത്തിലെ ഒരു ചരിത്രകാരനും സാമൂഹിക-രാഷ്ട്രീയ വിമർശകനും, നിരൂപകനും, പത്രപ്രവർത്തകനും നോവലിസ്റ്റുമായിരുന്നു പി.കെ.ബാലകൃഷ്ണൻ.1926-ൽ എറണാകുളത്ത് എടവനക്കാട് എന്ന ഗ്രാമത്തിൽ ജനനം. പിതാവ് കേശവൻ, മാതാവ് മണിയമ്മ എന്നിവരാണ്. 1940-ൽ ചെറായിയിലെ രാമവർമ്മ യൂണിയൻ ഹൈസ്കൂളിൽ ആയിരുന്നു പഠനം. സ്കൂളിൽ നിന്ന് സ്വർണ്ണമെഡലോടെയും ഉന്നതപഠനത്തിനായി സ്കോളർഷിപ്പും നേടിയിരുന്നു. അദ്ദേഹം തുടർപഠനം എറണാകുളം മഹാരാജാസ് കോളേജിലാണ് നടത്തിയത്. 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവലിലൂടെയാണ് പ്രശസ്തിയിലേക്ക് ഉയർന്നത്. പി.കെ.ബാലകൃഷ്ണന്റെ നിരൂപണാത്മകമായ ലേഖനങ്ങൾ പലരെയും ചൊടിപ്പിച്ചിട്ടുണ്ട്. ചരിത്രത്തിൽ വളരെ ഗഹനമായ അറിവുണ്ടായിരുന്ന അദ്ദേഹം വേറിട്ട പാതയിലൂടെയാണ് ചരിത്രത്തെ സമീപിച്ചത്. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ "ജാതിവ്യവസ്ഥിതിയും കേരളചരിത്രവും" എന്ന ഗ്രന്ഥത്തിലൂടെ അന്നുവരെ ചരിത്രമെന്ന് വിശ്വസിച്ചിരുന്ന പലതിനെയും ചോദ്യം ചെയ്തു.

## ഇനി ഞാൻ ഉറങ്ങട്ടെ

മഹാഭാരതത്തിലെ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും മുൻനിർത്തി പി.കെ.ബാലകൃഷ്ണൻ രചിച്ച നോവലാണ് "ഇനി ഞാൻ ഉറങ്ങട്ടെ" എന്നത്. മലയാള സാഹിത്യത്തിൽ ശ്രദ്ധ ആകർഷിക്കപ്പെട്ട ഒരു മികച്ച ക്ലാസിക്ക് നോവലാണ് "ഇനി ഞാൻ ഉറങ്ങട്ടെ". കർണന്റെ സമ്പൂർണ കഥയാണ് ഈ നോവലിന്റെ ഇതിവൃത്തം. കുരുക്ഷേത്രയുദ്ധം അവസാനിക്കുന്നിടത്താണ് നോവലിന്റെ ആരംഭം. അർജുനനാൽ വധിക്കപ്പെട്ട കർണൻ സ്വന്തം ജ്യേഷ്ഠൻ ആണെന്ന് അറിയുന്ന യുധിഷ്ഠിരൻ ജീവിത വിരക്തനാകുന്നു. സൂതനായി ജീവിച്ച മഹാനും ദയാലുവുമായ ഒരു പാണ്ഡവരാജകുമാരന്റെ കഥ വെളിപ്പെടുത്തിക്കൊണ്ടുവരികയാണ് ഈ നോവൽ ചെയ്യുന്നത്. പാണ്ഡവർക്ക് അവകാശപ്പെട്ട രാജ്യത്തിന്റെ രാജാവ് ആകേണ്ട ജ്യേഷ്ഠ സഹോദരനെ, യുദ്ധത്തിൽ അവർക്ക് ജീവധാനം കൊടുത്ത ഒരു കൂടപ്പിറപ്പിനെ ചതിയിൽ വധിച്ചാണ് തന്റെ പതിമാർ യുദ്ധം വിജയിച്ചതെന്ന അറിവ് സ്വന്തം ജീവിതത്തെ, അതിന്റെ അർത്ഥമില്ലായ്മയെ വീണ്ടും നോക്കിക്കാണാൻ നിർബന്ധിക്കുന്നു. ദ്രൗപദിയുടെ കാഴ്ചപ്പാടിലൂടെയാണ് ഈ നോവൽ കർണന്റെ കഥ പറയുന്നത്.

"ഒരിക്കലും സ്വസ്ഥതയുണ്ടായില്ല. ജീവിച്ചിരിക്കുമ്പോൾ അവന്റെ നിശങ്കുശമായ ദേശബുദ്ധിയിൽ സ്വസ്ഥതയുണ്ടായില്ല. വനോപജീവികളായും ഭിക്ഷാംദേഹികളായും കഴിയേണ്ടി വന്നു. നഗ്നരൂപിണിയായി വലിച്ചിഴക്കപ്പെട്ടപ്പോൾ ഭർത്താക്കന്മാരുടെ കൺമുൻപിൽ വെച്ച് നിസ്സഹായയായി അലമുറയിടേണ്ടി വന്നു. ആ കൊടിയ ശത്രു മരിച്ചപ്പോൾ ശേഷിക്കുന്ന ശൂന്യമായ ജീവിതത്തിന്റെ തായ്‌വേരുകൾ വരെ അവന്റെ ഓർമ്മ ചികഞ്ഞെടുത്ത് ദഹിപ്പിക്കാൻ ഭാവിക്കുകയാണ്. പാണ്ഡവരുടെ നിത്യദുർവിധിയുടെ പര്യായമാണ് കർണ്ണൻ. പാണ്ഡവദുർവിധിക്കുള്ള പര്യായമാണ് ആ പേര്. ഉറക്കത്തിൽ അറുകൊല ചെയ്യപ്പെട്ട സ്വന്തം ഉണ്ണികളുടെ പേരല്ല, പടയിൽ വെട്ടിവീഴ്ത്തിയ അഭിമന്യു കുമാരന്റെ പേരല്ല, പടയിൽ കൊല ചെയ്ത പിതാമഹന്റെയും ആചാര്യന്റെയും പേരിലുമല്ല, കർണ്ണന്റെ പേരിലാണ് യുധിഷ്ഠിരൻ നിർവേദിയായി തപോവനം പ്രാപിക്കുന്നതെന്ന ചിന്ത ഹൃദയത്തിൽ തീക്കനൽ വിതറുന്നു. ജീവിതത്തിനു മുകളിൽ എന്നും ദുർവിധിയുടെ ഭീഷണമായ നിഴൽ വിരിച്ചു കൊണ്ട് അവൻ താങ്ങി നിൽക്കുന്നു എന്ന ചിന്ത അവളുടെ മാതൃഹൃദയത്തെ അത്യധികം കലുഷിതമാക്കുന്നുണ്ട്. ഇങ്ങനെ തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിലെ ഒരു നിത്യദുർവിധിയായി കർണ്ണൻ മാറുന്നു എന്നവൾ ഉറച്ചുവിശ്വസിക്കുന്നു.

## ദ്രൗപദി–കുന്തി വൈകാരികതലങ്ങൾ കർണ്ണനിലൂടെ

തേജസ്സിലും വീര്യത്തിലും ധർമ്മത്തിൽ കിടയറ്റവൻ, വിധിയുടെ ഏറ്റവും വിചിത്രമായ കരവിനോദങ്ങൾക്ക് കൂടി പാത്രമായവൻ. ഭാഗ്യത്തിന്റെയും മനോവേദനയുടെയും തീരാക്കടലായി ജീവിതം ധീരനും കരുണയുള്ളവനുമായ കർണ്ണനെ നേരിൽ നിന്ന് തോല്പിക്കാൻ സാക്ഷാൽ കൃഷ്ണനും, അർജുനനും കഷ്ടപ്പെടുന്നത് കാണുമ്പോൾ വീരൻ കർണ്ണൻ തന്നെ. അർജുനന് വേണ്ടി വച്ചിരുന്ന അസ്ത്രം ഭീമന്റെ മകനായ ഘടോൽഖചനെതിരെ ഉപയോഗിച്ചില്ലായിരുന്നെങ്കിൽ അർജുനൻ വെറും ഓർമ്മയായി തീർന്നേനെ.

യുധിഷ്ഠിരനിൽ ഉണ്ടായ ഭാവമാറ്റത്തിൽ ദ്രൗപദി ആരംഭിക്കുന്ന അന്വേഷണത്തിൽ നിന്ന് സൂതനായി ജീവിച്ച പാണ്ഡവരാജകുമാരന്റെ ജീവിത കഥ വെളിച്ചത്തേക്ക് കൊണ്ടുവരുന്നു. താൻ മനസ്സിലാക്കിയിരുന്ന ജീവിതസത്യം തകിടം മറിഞ്ഞു എന്ന് ദ്രൗപദി മനസ്സിലാക്കുന്നു. അതിലൂടെ കർണ്ണനെ കൂടുതൽ അറിയുവാൻ ദ്രൗപദി ശ്രമിക്കുകയാണ്. ആ ശ്രമത്തിൽ ഒന്നാണ് കുന്തിയുടെ വെളിപ്പെടുത്തൽ.



AnyScanner

മഹർഷിയായ ദുർവാസാവിനെ പരിചരിച്ചതിലൂടെ തനിക്ക് കൈവന്ന വരത്തിലൂടെ കുന്തീദേവി സൂര്യദേവനെ ആവാഹിക്കുന്നു. അതിലൂടെ തനിക്ക് ലഭിക്കുന്ന കുഞ്ഞിന് സൂര്യഭഗവാനെ പോലെ കവചകുണ്ഡലങ്ങൾ എന്ന ആഗ്രഹവും പ്രകടിപ്പിച്ചു. തന്റെ ഭൂതകാലത്തിന്റെ കെട്ട് ദ്രൗപദിക്ക് മുന്നിൽ കുന്തിദേവി സ്വയം തുറന്നു വച്ചു. തനിക്ക് ജനിച്ച പൊന്നോമനപുത്രനെ പേടകത്തിലാക്കി ഒഴുക്കി വിടേണ്ടി വരുന്ന ഹതഭാഗ്യയായ അമ്മയാണ് താനെന്നും കുന്തി വ്യാകുലപ്പെടുന്നു.

ഹസ്തിനപുരിയിലെ ആയുധ വിദ്യ പ്രദർശന വേദിയിൽ അർജുനന് തുല്യനായ പോരാളി കർണ്ണൻ മാത്രം ആയിരുന്നു. അർജുനനോടൊപ്പം ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെടാൻ ഒരുങ്ങുന്ന കർണനെ കുലമഹിമയുടെ പേരുപറഞ്ഞ് തഴയപ്പെട്ടതും, ഇതെല്ലാം നേരിട്ട് കാണുന്ന സുയോധനൻ തന്റെ അംഗദേശം കർണനായി നൽകി അവനെ അംഗരാജാവായി വാഴിക്കുന്നു. അതിലൂടെ കർണൻ സ്വയം ദുര്യോധനിലർപ്പിക്കുകയും, ദുര്യോധന ആത്മമിത്രമായി മാറുകയും ചെയ്യുന്നു. എന്നിരുന്നാൽ കൂടിയും പല സന്ദർഭങ്ങളിലും കുലമഹിമയുടെ പേരിൽ കർണന് അവഗണന നേരിടേണ്ടി വരുന്നു. പാഞ്ചാലരാജധാനിയിലെ വേദിയിൽ വിവാഹാർത്ഥികളായ രാജകുമാരൻമാർ നിരന്നപ്പോഴും അവിടെ അപരിചിതമായ അർജുന വിഗ്രഹം എവിടെയാണെന്ന് ഹൃദയം പരതിയിരുന്നപ്പോഴും അർജുനന്റെ അഭാവത്തിൽ ലക്ഷ്യഭേദനം ചെയ്യാൻ കഴിയാല്ലായെന്ന വിചാരം ദ്രൗപദി നിലകൊണ്ടിരുന്നു. സൂതനായ കർണൻ അപ്പോൾ നടന്നു സഭാവേദിയിൽ വന്നതും അവൻ നിഷ്പ്രയാസം വില്ലിൽ ശരങ്ങൾ തൊടുത്ത് ലക്ഷ്യം ഭേദിക്കാൻ കുറിച്ചതും സൂതനെ ഞാൻ വരിക്കില്ല എന്ന് സ്വയം മറന്നു താൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞതും ദ്രൗപദി ഓർത്തുപോയി. മഹാനായ കർണനെ തന്റെ പതിമാർ ചതിച്ചാണ് യുദ്ധം ജയിച്ചതെന്ന അറിവ് ദ്രൗപദിയെ സ്വന്തം ജീവിതത്തെ അതിന്റെ അർത്ഥമില്ലായ്മയെ വീണ്ടും നോക്കിക്കാണാൻ നിർബന്ധിതയാക്കുന്നു. കർണനോടുള്ള ദ്രൗപദിയുടെ വികാരങ്ങൾ നോവലിന്റെ ഗതിയിലൂടെ മാറുന്നു. എല്ലാ പാണ്ഡവ സഹോദരൻമാരുടെയും ഭാര്യ എന്ന നിലയിൽ കർണൻ മൂത്ത പാണ്ഡവൻ ആകാനുള്ള വാഗ്ദാനം സ്വീകരിക്കുകയും രാജ്യം ഭരിക്കാൻ സമ്മതിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവൻ തന്റെ ഭർത്താവ് ആകുമായിരുന്നു എന്ന് അവൾ ചിന്തിക്കുന്നു.

ദ്രൗപദി കർണന്റെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുകയും ഒരു ദുരന്തനായകൻ എന്ന നിലയിലുള്ള അവന്റെ സ്വഭാവ മഹിമ അനാവരണം ചെയ്തു കൊണ്ട് ജീവിതത്തെ മുൻകാലങ്ങളിലേക്ക് പരിഗണിക്കുന്നു. ചുറ്റുമുള്ളവരുടെ മുൻവിധിക്ക്



AnyScanner

ഇങ്ങനെ ദ്രൗപദിയുടെ മനോവികാരങ്ങളിലൂടെ തെളിഞ്ഞുവരുന്ന കർണനെ വൈകാരിക ബന്ധങ്ങളിലൂടെ അതിമനോഹരമായിട്ടാണ് ഈ നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. ദ്രൗപദിയുടെ മനോവികാരങ്ങളിലൂടെ കർണകഥ വരച്ചു കാട്ടുന്നതിനോടൊപ്പം തന്നെ ജീവിതത്തെപ്പറ്റിയുള്ള ഒരു തീക്ഷ്ണമായ സങ്കൽപ്പവും നോവലിസ്റ്റ് നോവലിലൂടെ പ്രതിപാദിക്കാൻ ശ്രമിക്കുന്നു. മലയാള സാഹിത്യത്തിലെ ഒരു അത്യോജ്വല കൃതിയായി തന്നെ പി.കെ.ബാലകൃഷ്ണന്റെ ഈ നോവൽ കണക്കാക്കാം. എന്തെന്നാൽ മലയാള സാഹിത്യത്തിൽ ഇത്ര ഗൗരവമായി കർണനെയും ദ്രൗപദിയെയും വരച്ചുചേർത്ത ഒരു നോവൽ ഉണ്ടോയെന്ന് സംശയമാണ്. 1973-ലാണ് പി.കെ.ബാലകൃഷ്ണന്റെ "ഇനി ഞാൻ ഉറങ്ങട്ടെ" എന്ന നോവൽ പുസ്തകം ആകുന്നത്. 1978-ലെ വയലാർ അവാർഡ് പി.കെ.ബാലകൃഷ്ണന്റെ ഈ മനോഹരമായ നോവലിന് ലഭിച്ചു. ഈ നോവൽ പല ഭാഷകളിലേക്കും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷിൽ 'Let me Sleep' എന്ന പേരിലും തമിഴിൽ 'ഇനി ഞാൻ ഉറങ്ങട്ടും' കന്നഡയിൽ 'ഞാൻ ഇന്ന് നിദ്രസുവേ' എന്ന പേരിലും വിവർത്തനം ചെയ്തിട്ടുണ്ട്. ഇംഗ്ലീഷിൽ തന്നെ രണ്ടാമതൊരു വിവർത്തനം 'ബാറ്റിൽ ബിയോണ്ട് കുരുക്ഷേത്ര' എന്ന പേരിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് 2017-ൽ പ്രസിദ്ധീകരിച്ചു.

### പാണ്ഡവ ദുർവിധി

"അവൾ സ്വയംമറന്ന് ശാപവചസ്സുച്ചരിക്കും പോലെ
ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു"
കർണ്ണൻ ! കർണ്ണൻ ! കർണ്ണൻ !

ഇത് ദ്രൗപദിയുടെ വാക്കുകളാണ്. പാണ്ഡവ ദുർവിധിയുടെ പര്യായമായി കർണനെ അവർ കണക്കാക്കുന്നു. പാണ്ഡവരുടെ ആജന്മശത്രു, അർജുനനാൽ കൊല്ലപ്പെട്ട തങ്ങളുടെ ജ്യേഷ്ഠനാണെന്ന് അറിയുന്ന യുധിഷ്ഠിരൻ ജീവിത വിരക്തനാകുന്നു. ശത്രുവിന്റെ മരണത്തിൽ സന്തോഷത്തിനു പകരം യുധിഷ്ഠിരനിൽ ഉണ്ടായ ഭാവമാറ്റം ദ്രൗപദിയെ അസ്വസ്ഥയാക്കുന്നു. ജ്യേഷ്ഠനിഗ്രഹത്തിന് പ്രതിഫലമെന്നോണം യുധിഷ്ഠിരൻ തപോവനത്തിൽ ഏർപ്പെടാൻ സ്വയമേ തീരുമാനിക്കുന്നു. എന്നാൽ വിശ്വവിജയിയായ യുധിഷ്ഠിരന്റെ പത്നിയായി തീരാൻ ആഗ്രഹിച്ച ദ്രൗപദിക്ക് ഇത് താങ്ങാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. ഒരു ആയുസ്സിൽ തനിക്ക് സഹിക്കാൻ കഴിയുന്നതിൽ കൂടുതൽ വേദന സഹിച്ചവളാണ് താനെന്ന് ദ്രൗപദി സ്വയമേ വിലയിരുത്തുന്നു. പാണ്ഡവർക്ക് വിധിക്കപ്പെട്ട ദുർവിധിക്ക് പിന്നിലും കർണൻ ആണെന്ന് ദ്രൗപദി അടിവരയിട്ട് വിശ്വസിക്കുന്നു.



AnyScanner

"ഒരിക്കലും സ്വസ്ഥതയുണ്ടായില്ല. ജീവിച്ചിരിക്കുമ്പോൾ അവന്റെ നിശങ്കുശമായ ദേശബുദ്ധിയിൽ സ്വസ്ഥതയുണ്ടായില്ല. വനോപജീവികളായും ഭിക്ഷാംദേഹികളായും കഴിയേണ്ടി വന്നു. നഗ്നരൂപിണിയായി വലിച്ചിഴക്കപ്പെട്ടപ്പോൾ ഭർത്താക്കന്മാരുടെ കൺമുൻപിൽ വെച്ച് നിസ്സഹായയായി അലമുറയിടേണ്ടി വന്നു. ആ കൊടിയ ശത്രു മരിച്ചപ്പോൾ ശേഷിക്കുന്ന ശൂന്യമായ ജീവിതത്തിന്റെ തായ്‌വേരുകൾ വരെ അവന്റെ ഓർമ്മ ചികഞ്ഞെടുത്ത് ദഹിപ്പിക്കാൻ ഭാവിക്കുകയാണ്. പാണ്ഡവരുടെ നിത്യദുർവിധിയുടെ പര്യായമാണ് കർണ്ണൻ. പാണ്ഡവദുർവിധിക്കുള്ള പര്യായമാണ് ആ പേര്. ഉറക്കത്തിൽ അറുകൊല ചെയ്യപ്പെട്ട സ്വന്തം ഉണ്ണികളുടെ പേരല്ല, പടയിൽ വെട്ടിവീഴ്ത്തിയ അഭിമന്യു കുമാരന്റെ പേരല്ല, പടയിൽ കൊല ചെയ്ത പിതാമഹന്റെയും ആചാര്യന്റെയും പേരിലുമല്ല, കർണ്ണന്റെ പേരിലാണ് യുധിഷ്ഠിരൻ നിർവേദിയായി തപോവനം പ്രാപിക്കുന്നതെന്ന ചിന്ത ഹൃദയത്തിൽ തീക്കനൽ വിതറുന്നു. ജീവിതത്തിനു മുകളിൽ എന്നും ദുർവിധിയുടെ ഭീഷണമായ നിഴൽ വിരിച്ചു കൊണ്ട് അവൻ താങ്ങി നിൽക്കുന്നു എന്ന ചിന്ത അവളുടെ മാതൃഹൃദയത്തെ അത്യധികം കലുഷിതമാക്കുന്നുണ്ട്. ഇങ്ങനെ തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിലെ ഒരു നിത്യദുർവിധിയായി കർണ്ണൻ മാറുന്നു എന്നവൾ ഉറച്ചുവിശ്വസിക്കുന്നു.

## ദ്രൗപദി–കുന്തി വൈകാരികതലങ്ങൾ കർണ്ണനിലൂടെ

തേജസ്സിലും വീര്യത്തിലും ധർമ്മത്തിൽ കിടയറ്റവൻ, വിധിയുടെ ഏറ്റവും വിചിത്രമായ കരവിനോദങ്ങൾക്ക് കൂടി പാത്രമായവൻ. ഭാഗ്യത്തിന്റെയും മനോവേദനയുടെയും തീരാക്കടലായി ജീവിതം ധീരനും കരുണയുള്ളവനുമായ കർണ്ണനെ നേരിൽ നിന്ന് തോല്പിക്കാൻ സാക്ഷാൽ കൃഷ്ണനും, അർജുനനും കഷ്ടപ്പെടുന്നത് കാണുമ്പോൾ വീരൻ കർണ്ണൻ തന്നെ. അർജുനന് വേണ്ടി വച്ചിരുന്ന അസ്ത്രം ഭീമന്റെ മകനായ ഘടോൽഖചനെതിരെ ഉപയോഗിച്ചില്ലായിരുന്നെങ്കിൽ അർജുനൻ വെറും ഓർമ്മയായി തീർന്നേനെ.

യുധിഷ്ഠിരനിൽ ഉണ്ടായ ഭാവമാറ്റത്തിൽ ദ്രൗപദി ആരംഭിക്കുന്ന അന്വേഷണത്തിൽ നിന്ന് സൂതനായി ജീവിച്ച പാണ്ഡവരാജകുമാരന്റെ ജീവിത കഥ വെളിച്ചത്തേക്ക് കൊണ്ടുവരുന്നു. താൻ മനസ്സിലാക്കിയിരുന്ന ജീവിതസത്യം തകിടം മറിഞ്ഞു എന്ന് ദ്രൗപദി മനസ്സിലാക്കുന്നു. അതിലൂടെ കർണ്ണനെ കൂടുതൽ അറിയുവാൻ ദ്രൗപദി ശ്രമിക്കുകയാണ്. ആ ശ്രമത്തിൽ ഒന്നാണ് കുന്തിയുടെ വെളിപ്പെടുത്തൽ.

മഹർഷിയായ ദുർവാസാവിനെ പരിചരിച്ചതിലൂടെ തനിക്ക് കൈവന്ന വരത്തിലൂടെ കുന്തീദേവി സൂര്യദേവനെ ആവാഹിക്കുന്നു. അതിലൂടെ തനിക്ക് ലഭിക്കുന്ന കുഞ്ഞിന് സൂര്യഭഗവാനെ പോലെ കവചകുണ്ഡലങ്ങൾ എന്ന ആഗ്രഹവും പ്രകടിപ്പിച്ചു. തന്റെ ഭൂതകാലത്തിന്റെ കെട്ട് ദ്രൗപദിക്ക് മുന്നിൽ കുന്തിദേവി സ്വയം തുറന്നുവച്ചു. തനിക്ക് ജനിച്ച പൊന്നോമനപുത്രനെ പേടകത്തിലാക്കി ഒഴുക്കി വിടേണ്ടി വരുന്ന ഹതഭാഗ്യയായ അമ്മയാണ് താനെന്നും കുന്തി വ്യാകുലപ്പെടുന്നു.

ഹസ്തിനപുരിയിലെ ആയുധ വിദ്യ പ്രദർശന വേദിയിൽ അർജുനന് തുല്യനായ പോരാളി കർണൻ മാത്രം ആയിരുന്നു. അർജുനനോടൊപ്പം ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെടാൻ ഒരുങ്ങുന്ന കർണനെ കുലമഹിമയുടെ പേരുപറഞ്ഞ് തഴയപ്പെട്ടതും, ഇതെല്ലാം നേരിട്ട് കാണുന്ന സുയോധനൻ തന്റെ അംഗദേശം കർണനായി നൽകി അവനെ അംഗരാജാവായി വാഴിക്കുന്നു. അതിലൂടെ കർണൻ സ്വയം ദുര്യോധനിലർപ്പിക്കുകയും, ദുര്യോധന ആത്മമിത്രമായി മാറുകയും ചെയ്യുന്നു. എന്നിരുന്നാൽ കൂടിയും പല സന്ദർഭങ്ങളിലും കുലമഹിമയുടെ പേരിൽ കർണന് അവഗണന നേരിടേണ്ടി വരുന്നു. പാഞ്ചാലരാജധാനിയിലെ വേദിയിൽ വിവാഹാർത്ഥികളായ രാജകുമാരൻമാർ നിരന്നപ്പോഴും അവിടെ അപരിചിതമായ അർജുന വിഗ്രഹം എവിടെയാണെന്ന് ഹൃദയം പരതിയിരുന്നപ്പോഴും അർജുനന്റെ അഭാവത്തിൽ ലക്ഷ്യഭേദനം ചെയ്യാൻ കഴിയാല്ലായെന്ന വിചാരം ദ്രൗപദി നിലകൊണ്ടിരുന്നു. സൂതനായ കർണൻ അപ്പോൾ നടന്നു സഭാവേദിയിൽ വന്നതും അവൻ നിഷ്പ്രയാസം വില്ലിൽ ശരങ്ങൾ തൊടുത്ത് ലക്ഷ്യം ഭേദിക്കാൻ കുറിച്ചതും സൂതനെ ഞാൻ വരിക്കില്ല എന്ന് സ്വയം മറന്നു താൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞതും ദ്രൗപദി ഓർത്തുപോയി. മഹാനായ കർണനെ തന്റെ പതിമാർ ചതിച്ചാണ് യുദ്ധം ജയിച്ചതെന്ന അറിവ് ദ്രൗപദിയെ സ്വന്തം ജീവിതത്തെ അതിന്റെ അർത്ഥമില്ലായ്മയെ വീണ്ടും നോക്കിക്കാണാൻ നിർബന്ധിതയാക്കുന്നു. കർണനോടുള്ള ദ്രൗപദിയുടെ വികാരങ്ങൾ നോവലിന്റെ ഗതിയിലൂടെ മാറുന്നു. എല്ലാ പാണ്ഡവ സഹോദരൻമാരുടെയും ഭാര്യ എന്ന നിലയിൽ കർണൻ മൂത്ത പാണ്ഡവൻ ആകാനുള്ള വാഗ്ദാനം സ്വീകരിക്കുകയും രാജ്യം ഭരിക്കാൻ സമ്മതിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവൻ തന്റെ ഭർത്താവ് ആകുമായിരുന്നു എന്ന് അവൾ ചിന്തിക്കുന്നു.

ദ്രൗപദി കർണന്റെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുകയും ഒരു ദുരന്തനായകൻ എന്ന നിലയിലുള്ള അവന്റെ സ്വഭാവ മഹിമ അനാവരണം ചെയ്തു കൊണ്ട് ജീവിതത്തെ മുൻകാലങ്ങളിലേക്ക് പരിഗണിക്കുന്നു. ചുറ്റുമുള്ളവരുടെ മുൻവിധിക്ക്



AnyScanner

പിന്നിൽ കർണ്ണൻ വീണുപോയ ധീരയോദ്ധാവാണെന്ന് അവൾ തിരിച്ചറിയുന്നു. സർവ്വ വിനാശകരമായ യുദ്ധത്തിൽ കർണ്ണൻ വലയുന്നു. അതേസമയം പാണ്ഡവരുടെ പത്നിയായ ദ്രൗപദിയുടെ നിർമ്മലതയും, കർത്തവ്യവും അവളുടെ ധാരണകളിൽ പ്രതിഫലിക്കുന്നു. ജീവിതത്തിൽ താൻ വിശ്വസിച്ച അടിസ്ഥാനതത്വങ്ങളും ധാർമ്മികതയും സ്വന്തം കൺമുന്നിൽ തകർന്നതായി അവൾ കണ്ടെത്തുന്നു.

ഈ രണ്ടു കഥാപാത്രങ്ങൾക്കിടയിൽ നാശത്തിന്റെയും ഉപേക്ഷിക്കപ്പെടലിന്റെയും ഒരു വികാരമുണ്ട്. ദുരന്തനായകനായ കർണ്ണന്റെ കഷ്ടപ്പാടുകൾക്കും ദ്രൗപദി എന്ന സ്ത്രീയുടെ പോരാട്ടങ്ങൾക്കും ഈ പുസ്തകം സമകാലിക പ്രസക്തി നൽകുന്നു. പി.കെ.ബാലകൃഷ്ണൻ ഈ നോവലിൽ ഒരു സ്ത്രീയുടെ കണ്ണിലൂടെ ധീരതയും സത്യസന്ധതയും വെളിപ്പെടുത്തുന്നു.



SCAN AnyScanner

## അദ്ധ്യായം - 3

## കർണ്ണനുമായുള്ള നോവലുകൾ

### ശിവാജി സാവന്ത്

മറാഠി ഭാഷയിലെ ഒരു പ്രമുഖ നോവലിസ്റ്റാണ് ശിവാജി സാവന്ത്. മുഴുവൻ പേര് ശിവാജി ഗോവിന്ദ് സാവന്ത് എന്നാണ്. 1940 ആഗസ്റ്റ് 31-ന് കോലാപ്പൂർ ജില്ലയിലെ ആജ്റയിൽ ജനിച്ചു. 1974 മുതൽ 15 വർഷം മഹാരാഷ്ട്ര എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരണമായ 'ശിക്ഷൺ സംക്രമൺ' മാസികയുടെ എഡിറ്റർ ആയി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാനകൃതികൾ ആണ് മൃത്യുഞ്ജയ, [illegible] എന്നിവ. ഭാരതീയ ജ്ഞാനപീഠത്തിന്റെ 1994-ലെ മൂർത്തിദേവി പുരസ്കാരം സാവന്തിന്റെ മൃത്യുഞ്ജയക്ക് ലഭിച്ചു. കൂടാതെ മറ്റനവധി പുരസ്കാരങ്ങളും ഈ കൃതിക്ക് ലഭിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, കന്നഡ, ഗുജറാത്തി, മലയാളം, തമിഴ് എന്നീ ഭാഷയിൽ 'മൃത്യുഞ്ജയ' യുടെ വിവർത്തനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. [illegible]-ൽ '[illegible]' അവാർഡും ലഭിച്ചു. 2002 സെപ്റ്റംബർ 18-ന് അദ്ദേഹം അന്തരിച്ചു.

### സാവന്തിന്റെ മൃത്യുഞ്ജയ

ലോകത്തിലെ ഏറ്റവും ബൃഹത്തായ കൃതികളിൽ ഒന്നാണ് മഹാഭാരതം. വിവിധ വ്യക്തികളുടെ വ്യക്തിത്വവികാസത്തിന്റെയും അതിനെ പ്രതിനിധാനം ചെയ്യുന്ന സത്യത്തിന്റെ, ധർമ്മത്തിന്റെ, അധർമ്മത്തിന്റെ, ജീവിതത്തിന്റെ പരമമായ അർത്ഥത്തിന്റെ മറ്റുരയ്ക്കുന്ന രചനയാണ് 'മഹാഭാരതം'. ഇങ്ങനെ ജീവിതത്തിന്റെ നാനാവശങ്ങളാൽ കോർത്തിണക്കപ്പെട്ടതിനാലും അവതരണ വൈശിഷ്ട്യത്താലും ഈ കാവ്യവും കാവ്യത്തിലെ കഥാപാത്രങ്ങളും സഹൃദയരിൽ എക്കാലവും നിറഞ്ഞു നിൽക്കുന്നു. മഹാഭാരതത്തിലെ പ്രധാന കഥാപാത്രവും സഹൃദയരിൽ എക്കാലവും ജ്വലിച്ചുനിൽക്കുന്ന വിമർശകരും എഴുത്തുകാരും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമായ ഒരു കഥാപാത്രമാണ് 'കർണ്ണൻ'. മലയാളത്തിലും മറ്റനവധി ഭാഷകളിലും കർണ്ണനെപ്പറ്റി നിരവധി പുനരാഖ്യാനങ്ങൾ ചെയ്തിട്ടുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായ നോവലാണ് പ്രശസ്ത മറാഠി നോവലിസ്റ്റായ ശിവാജി ഗോവിന്ദ് സാവന്തിന്റെ 'മൃത്യുഞ്ജയ' എന്ന നോവൽ. കർണ്ണന്റെ സമ്പൂർണ്ണ കഥയാണ് ഇതിൽ പറയുന്നത്. ഭാരതീയ ജ്ഞാനപീഠത്തിന്റെ 1994-ലെ മൂർത്തിദേവി പുരസ്കാരം ലഭിച്ച കൃതിയാണ് 'മൃത്യുഞ്ജയ'. 'മൃത്യുഞ്ജയ' എന്ന മറാഠി നോവലിന്റെ മലയാള പരിഭാഷയാണ്

കർണ്ണൻ. ഡോ.ടി.ആർ.ജയശ്രീ, ഡോ.പി.കെ.ചന്ദ്രൻ എന്നിവരാണ് മറാത്തി നോവലായ മൃത്യുഞ്ജയ മലയാളത്തിലേക്ക് കർണ്ണൻ എന്ന പേരിൽ വിവർത്തനം ചെയ്തത്.

"മഹാഭാരതത്തിൽ വേദവ്യാസൻ സൃഷ്ടിച്ച നാടകീയ മുഹൂർത്തങ്ങൾക്കും വാചല മൗനങ്ങൾക്കും നവം നവങ്ങളായ വ്യാഖ്യാനങ്ങൾക്കും മനോജ്ഞ കല്പനകളും അവതരിപ്പിച്ച സാഹിത്യപ്രതിഭകൾ നമുക്കുണ്ടായിട്ടുണ്ട്. മഹാഭാരതത്തിൽ ആകമാനം വ്യാപിച്ചുകിടക്കുന്ന അനേകായിരം കഥാപാത്രങ്ങളിൽ നിന്നും ചിലരെ അടർത്തിയെടുത്ത് അവരിലൂടെ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നതിൽ ആധുനികരായ കഥപറച്ചിലുകാർ അതീവ താൽപര്യം കാണിച്ചുവരുന്നു. ദ്രൗപദി, ഭീമൻ, കർണ്ണൻ, ശ്രീകൃഷ്ണൻ, കുന്തി എന്നീ കഥാപാത്രങ്ങളെ കേന്ദ്രബിന്ദുവാക്കി ഭാരതക്കഥയ്ക്ക് അർത്ഥവൈപുല്യവും അനന്തസാധ്യതകളും നൽകുന്നതിൽ ഈ പ്രതിഭകൾ വിജയിച്ചു. 'മാഘൻ' ശ്രീകൃഷ്ണനെയും ശിശുപാലനെയും അടർത്തിയെടുത്തപ്പോൾ 'ദാസൻ' കർണനെയാണ് മുഖ്യകഥാപാത്രമായി അവതരിപ്പിച്ചത്. പി.കെ.ബാലകൃഷ്ണൻ ദ്രൗപദിയെയും, എം.ടി വാസുദേവൻനായർ ഭീമനെയും കഥാപാത്രങ്ങളാക്കി കഥകളെഴുതി.

ഇതുപോലെ കർണനെ മുഖ്യകഥാപാത്രമാക്കി മഹാക്കി നോവലിസ്റ്റായ ശിവാജി സാവന്ത് എഴുതിയ മൃത്യുഞ്ജയ നോവലിൽ കർണന്റെ സമ്പൂർണകഥയാണ് ഇതിവൃത്തം. ജീവിതകാലം മുഴുവൻ തന്റെ ശരികളിൽ ഉറച്ചു നിന്നതിനാലും മരണം വരെ ധർമ്മം കൈവിടാതിരുന്നതിനാലും കർണ്ണൻ മരണത്തിന്റെ മുൻപിലും അജയ്യനായി തീർന്നു. അങ്ങനെയുള്ള കർണന്റെ അനശ്വര ചരിത്രമാണ് ഈ നോവലിലൂടെ പുനരാവിഷ്ക്കരിച്ചത്. ഈ നോവലിൽ കർണകഥയോടൊപ്പം സമ്പൂർണ മഹാഭാരതം പുനരാഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ശ്രീകൃഷ്ണചൈതന്യ ഈ ഗ്രന്ഥത്തെ 'കർണഭാരതം' എന്ന് വിശേഷിപ്പിച്ചത്. കർണ്ണൻ, കുന്തി, വൃഷാലി, ദുര്യോധനൻ, ശ്രീകൃഷ്ണൻ എന്നിവരിലൂടെ ആത്മകഥനത്തിലൂടെ 9 അധ്യായങ്ങളിലായി മഹാഭാരതകഥ ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. വർത്തമാന കാലത്തിൽ നിന്നും ഭൂതകാലത്തിലേക്കും ശേഷം വർത്തമാനകാലത്തിലേക്കും എന്ന രീതിയിലേക്കാണ് കഥയുടെ സഞ്ചാരഗതി.

ഒന്നാം അധ്യായത്തിൽ കർണ്ണൻ തന്റെ ആത്മഗതത്തിലൂടെ സ്വന്തം കഥ പറയുന്നു. മരണത്തെ മുന്നിൽ കാണുന്ന കർണ്ണൻ സത്യസന്ധമായി തന്റെ കഥ പറ



SCAN AnyScanner

യുവാൻ നിർബന്ധിതനാകുന്നു. 'കർണ്ണൻ' എന്ന അധ്യായം 1-ലെ ആദ്യഭാഗത്ത് മരണാസന്ന നിലയിലും കർണ്ണൻ തന്റെ കഥപറയുവാൻ എന്തുകൊണ്ട് പ്രേരിതനാകുന്നു എന്ന് അതിതീവ്രമായി 'സാവന്ത്' നോവലിൽ അവതരിപ്പിക്കുന്നു.

ഇന്ന് ഞാൻ ചില കാര്യങ്ങൾ പറയുവാൻ ആഗ്രഹിക്കുകയാണ്. ഇതുകേട്ട് ചിലർ ഞെട്ടിയേക്കാം. കാലന്റെ വായിലകപ്പെട്ടവൻ സംസാരിക്കുന്നുവോ എന്നവർ അത്ഭുതപ്പെട്ടേക്കാം. എന്നാൽ മരിച്ചവർക്കും സംസാരിക്കേണ്ടി വരുന്ന ചില സന്ദർഭങ്ങളുണ്ടാവും. മജ്ജയും മാംസവുമുള്ള മനുഷ്യകോലങ്ങൾ മൃതതുല്യരായി പെരുമാറുമ്പോൾ മരിച്ചവർക്ക് ചേതനപൂണ്ട് സംസാരിക്കേണ്ടി വരും. ഞാൻ ഇന്ന് മറ്റാർക്കും വേണ്ടി ഒന്നും ഉരിയാടാൻ പോകുന്നില്ല. കാരണം ഈ പറയുന്ന ഞാൻ ഒരു വലിയ ദാർശനികനൊന്നുമല്ലെന്ന് എനിക്ക് അറിയാം. ലോകം എന്റെ മുമ്പിൽ ഒരു പടക്കളമായി നിൽക്കുന്നു. അല്ലെങ്കിൽ എന്റെ ജീവിതം തന്നെ എന്തായിരുന്നു? ആരാണ് ഭൂമിയിലെ കേവലമൊരു ആവനാഴി. ഭിന്നരൂപ ഭാവങ്ങൾ ഉള്ള സംഭവ പരമ്പരകളുടെ ശരങ്ങൾ കുത്തിനിറച്ച ആവനാഴി മാത്രം. ('മൃത്യുഞ്ജയ' അദ്ധ്യായം - 1, കർണ്ണൻ, ഒന്നാം ഖണ്ഡിക 13-ാം താൾ). ഇവിടെ ഈ വരികളിൽ സാവന്ത് എത്രമാത്രം തന്റെ ചിന്താഗതിയെ, ഭാവനയെ കർണികാരങ്ങളുമായി കോർത്തിണക്കിയിട്ടുണ്ടെന്ന് വ്യക്തമാണ്. രണ്ടാംഭാഗം മുതൽ ചമ്പാനഗരിയിലെ കർണന്റെ കുട്ടിക്കാലത്തേക്കുറിച്ച് പറയുന്നു. ഈ സമയത്ത് ചമ്പാഗരിയുടെ ശ്രേഷ്ഠമായ ഒരു വർണ്ണന തന്നെ നോവലിസ്റ്റ് നടത്തുന്നുണ്ട്. ഈ അധ്യായത്തിൽ കർണനും സഹോദരനായി ശോണനും തമ്മിലുള്ള ആത്മബന്ധവും, ശോണന്റെ കർണനോടുള്ള നിഷ്കളങ്കമായ സ്നേഹവും ഒപ്പം വളർത്തമ്മയായ രാധയുടെ മാതൃസ്നേഹവും തെളിഞ്ഞു നിൽക്കുന്നു. കൂടാതെ താനാരാണ്? തനിക്കു മാത്രമെന്താണ് തിളങ്ങുന്ന കുണ്ഡലങ്ങളും അഭേദ്യമായ കവചവും തനിക്കെങ്ങനെ കിട്ടി? താനാരാണ്? എന്നുള്ള നിത്യമായ സത്യത്തിലേക്കുള്ള ചോദ്യങ്ങൾ കർണന്റെ മനസ്സിനെ നിരന്തരം അലട്ടിക്കൊണ്ടേയിരുന്നു. ഇങ്ങനെ തന്റെ സ്വത്വത്തെ അന്വേഷിക്കുന്നു. തന്നിൽ 'തന്നെ' സ്വയം തിരയുന്ന കർണനെ ഈ അധ്യായത്തിൽ കാണുവാൻ സാധിക്കുന്നു. തുടർന്നുള്ള ഭാഗങ്ങളിലായി ചമ്പാനഗരിയിൽ നിന്ന് ഹസ്തിനപുരിയിലേക്ക് പോകുന്നതും, അവിടെ നടക്കുന്ന സംഭവവികാസങ്ങളും, പുതിയതായി കർണ്ണൻ അനുഭവിക്കുന്ന സുഹൃത്ബന്ധവും കുരുക്ഷേത്രയുദ്ധവും ശേഷം മരണവുമൊക്കെ അതിതീവ്രമായ വൈകാരിക തലങ്ങളിലൂടെ സാവന്ത് ചിത്രീകരിക്കുന്നു. എല്ലാ അധ്യായങ്ങളിലും എപ്പോഴും വിണ്ണിൽ ജ്വലിച്ചു നിൽക്കുന്ന സൂര്യനെപ്പറ്റി പറയുന്നു. കർണവികാര

ങ്ങൾക്കനുസരിച്ച് ജ്വലിക്കുകയും ചിലപ്പോൾ കാർമേഘങ്ങളാൽ മൂടപ്പെട്ട അവസ്ഥയിലും ഒക്കെ നോവലിൽ സൂര്യദേവനെ കാണുവാൻ സാധിക്കുന്നതാണ്. സൂര്യദേവനെ കാണുമ്പോഴും സൂര്യകിരണങ്ങൾ തന്റെ ശരീരത്ത് തട്ടുമ്പോഴും ഒക്കെയുള്ള കർണന്റെ മനോവികാരങ്ങളിലൂടെ സാവന്ത് അതിമനോഹരമായി തന്നെ നോവലിൽ ചിത്രീകരിക്കുന്നു. സൂര്യദേവനും കർണനും തമ്മിലുള്ള ബന്ധത്തെ വിവിധ സന്ദർഭങ്ങളിലൂടെ സാവന്ത് അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.

**വസു എന്ന വസുഷേണൻ**

രാധേയൻ എന്നും കർണൻ വ്യാസഭാരതത്തിൽ അറിയപ്പെടുന്നു. കർണന്റെ വളർത്തമ്മയാണ് 'രാധ'. ഒഴുകി കിട്ടിയതാണെങ്കിലും വസുഷേണൻ എന്ന രാധയുടെ 'വസു' അവർക്കെന്നും പ്രിയപ്പെട്ട പുത്രനായി നിലകൊള്ളുന്നു. ചമ്പാനഗരിയിലെ സന്ദർഭങ്ങളിലും തുടർന്ന് ഹസ്തിനപുരിയിലെ കർണന്റെ ജീവിതത്തെപ്പറ്റി പരാമർശിക്കുന്ന ഭാഗങ്ങളിലും ഈ രാധേയൻ തന്റെ രാധമ്മയുടെ ഓർമ്മകളിൽ മുഴുകി പോകുന്നതായി നമുക്ക് കാണാൻ സാധിക്കും. ഒപ്പം അനവധി സന്ദർഭങ്ങളിൽ ശോണൻ എന്ന സഹോദരന്റെ നിഷ്കളങ്കമായ സ്നേഹവും ദീപ്തമായി തന്നെ വിളങ്ങി നിൽക്കുന്നു. തനിക്ക് മാത്രം എന്തേ തിളങ്ങുന്ന കുണ്ഡലങ്ങളും, അഭേദ്യമായ തൊലിയും, തന്റെ സഹോദരനായ ശോണനു പോലും ഇതില്ലല്ലോ? താനാരാണ്? എന്ന് ശോണനോടു ചോദിക്കുന്ന സന്ദർഭമുണ്ട്. അതിനുത്തരമായി ശോണൻ പറയുന്നു. 'എന്റെ വസു ഏട്ടൻ'. ഈ വരികളിൽ ശോണനും തന്റെ സഹോദരൻ കർണനോടുള്ള സ്നേഹമാണ്. ചമ്പാനഗരിയിൽ നിന്ന് അച്ഛൻ അതിരഥനോടൊപ്പം ഹസ്തിനപുരിയിലേക്ക് യാത്രതിരിക്കുന്ന തന്റെ വസൂന്റെ ഓർമ്മയ്ക്കായി രാധമ്മ ഒരു വെള്ളപ്പെട്ടി സമ്മാനമായി നൽകുന്നു. നിറകണ്ണുകളോടെ മകനെ പറഞ്ഞയക്കുന്ന രാധമ്മയിൽ മാതൃത്വത്തിന്റെ ദീപ്തമായ അശ്രുക്കൾ തുളുമ്പി നിന്നിരുന്നു. തന്റെ വസുവേട്ടൻ രഥത്തിലേറി പോകാനൊരുങ്ങവേ, നിൽക്കൂ ഞാനും വരുന്നു, എന്നെയും കൊണ്ടു പോകുക എന്ന് കരഞ്ഞുകൊണ്ട് ഓടിവരുന്ന ശോണന്റെ സങ്കടം കണ്ട് അതിരഥൻ കൂടെ കൂട്ടുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ ശോണൻ എന്ന സഹോദരന് കർണനോടുള്ള അതിതീവ്രമായ സ്നേഹവും ബഹുമാനവും ഒക്കെ വിവിധ സന്ദർഭങ്ങളിലൂടെ സാവന്ത് വരച്ചുകാട്ടുന്നു.

ആയുധപരീക്ഷണ മത്സരത്തിൽ അർജുനനെ വെല്ലുവിളിക്കാനായി പോകുന്ന കർണനെ ശോണൻ തടയുന്നുണ്ട്. ചേട്ടൻ ഇന്നു പോകണ്ട, ചേട്ടന്റെ കുണ്ഡല



AnyScanner

ങ്ങൾക്ക് ഇന്ന് പ്രഭയില്ല. മാത്രമല്ല അങ്ങയുടെ ഗുരു ഇന്നങ്ങേയ്ക്ക് അനുഗ്രഹവും തന്നിട്ടില്ല എന്നു പറഞ്ഞ് ഭയത്താൽ സംസാരിക്കുന്ന ശോണനെയും, പിന്നീട് കവച കുണ്ഡലങ്ങൾ തിളങ്ങുമ്പോൾ, കാർമേഘങ്ങൾ നീങ്ങി സൂര്യഭഗവാൻ വരുമ്പോൾ ഇതേ ശോണൻ തന്റെ സഹോദരനെ അതീവ സന്തോഷത്തോടു കൂടി മത്സരകളരി യിലേക്ക് പറഞ്ഞയക്കുന്നു. ഇങ്ങനെ വിവിധ സന്ദർഭങ്ങളിൽ ശോണന്റെ വസുവേട്ട നായി, രാധയുടെ വസുവായി കർണൻ ഈ നോവലിൽ നിലകൊള്ളുന്നു.

### ഹസ്തിനപുരിയും കർണഅരങ്ങേറ്റവും

അങ്ങനെ കർണൻ ചമ്പാനഗരിയോട് യാത്രപറഞ്ഞുകൊണ്ട് അച്ഛൻ അതിര ഥനോടും സഹോദരൻ ശോണനോടുമൊപ്പം ഹസ്തിനപുരിയിലേക്ക് യാത്രതിരിക്കു കയാണ്. ഹസ്തിനപുരിയിലെത്തുന്ന കർണനേയും, ശേഷം കർണൻ ഏൽക്കേണ്ടി വരുന്ന അപമാനത്തെയും, പുതിയതായി ലഭിക്കുന്ന സുഹൃത്ത് ബന്ധവും ഒക്കെ തുടർന്നുള്ള ഭാഗങ്ങളിൽ വിവരിക്കുന്നു. ഹസ്തിനപുരിയിലെത്തുമ്പോൾ തന്റെ തിള ങ്ങുന്ന കുണ്ഡലങ്ങളെ പിടിച്ചുകൊണ്ട് വാത്സല്യപൂർവ്വം തന്നോട് സംസാരിക്കുന്ന ധൃതരാഷ്ട്രരെയും, സ്നേഹത്തോടെ സംസാരിക്കുന്ന ദുര്യോധനനെയും, ഗുരുപു ത്രൻ അശ്വത്ഥാമാവിനെയും ഒക്കെ കാണിക്കുന്നുണ്ട് ആദ്യത്തെ അധ്യായത്തിൽ.

ഹസ്തിനപുരിയിൽ എത്തുന്ന അതിരഥൻ ധൃതരാഷ്ട്ര മഹാരാജാവിനെ കണ്ട് ആയോധനശാലയിൽ വിദ്യ അഭ്യസിക്കുന്നതിനായി കർണനെ ചേർക്കുന്നതിൽ അനു വാദം വാങ്ങി അവിടെ നിന്നും മടങ്ങുന്നു. ശേഷം ആയോധനശാലയിൽ ചേർക്കുന്ന തിനായി ദ്രോണരുടെ അടുത്ത് അതിരഥൻ കർണനെയും കൂട്ടിച്ചെല്ലുമ്പോൾ ദ്രോണർ പറയുന്നുണ്ട് ഇവനെയെങ്ങനെ യുവരാജാക്കന്മാരോടൊപ്പം വിദ്യ അഭ്യസിപ്പിക്കുവാൻ പറ്റുമെന്ന്. സൂതന്മാർ തുടങ്ങി താഴെ കുലത്തിൽ ഉള്ളവർക്ക് ക്ഷത്രിയരോടൊപ്പം വിദ്യ അഭ്യസിപ്പിക്കുവാൻ പറ്റില്ലായിരുന്നു. അവർക്ക് ദിവ്യാസ്ത്രങ്ങൾ ഒന്നും തന്നെ പഠിക്കുവാനും സാധ്യമല്ലായിരുന്നു. ആയതിനാൽ ദ്രോണർ പറയുന്നു ഇവനെ (കർണ നെ) ആയോധനശാലയിൽ ചേർത്തുകൊള്ളൂ, എന്നാൽ യുവരാജാക്കന്മാരുടെ കൂടെ വിദ്യ അഭ്യസിപ്പിക്കുവാൻ സാധ്യമല്ലെന്ന്. അവിടുന്നങ്ങോട്ട് തിരസ്കാരങ്ങളുടെയും അവഗണനയുടെയും നാളുകളായിരുന്നു കർണന്. പരിശീലനത്തിന്റെ ആരംഭദിന ത്തിൽ ഗുരുവിന്റെ അനുഗ്രഹം കിട്ടാതെ ദുഃഖിതനാകുന്ന കർണനെയും, അർജുനന്റെ ആഗമനത്തിലാണ് ഗുരു ദ്രോണർ തന്നെ ശ്രദ്ധിക്കാതെ പോയതെന്നുള്ള ചിന്തക

ളാൽ ബദ്ധപ്പെടുന്ന കർണനെ നമുക്ക് കാണാം. ഒടുക്കം തനിക്കും ഈ സർവ്വലോകത്തിനും തേജോകണങ്ങൾ കൊണ്ട് പ്രകാശം പരത്തുന്ന സൂര്യദേവനെ ഗുരുവായി സ്വീകരിക്കുകയും ചെയ്യുന്നു. കൗരവർക്ക് വേണ്ടിയുള്ള ഗുരുവായിട്ടാണ് ഗുരു ദ്രോണരെ നിയമിച്ചിരുന്നതെങ്കിലും, ദ്രോണർക്ക് ഏറെ പ്രിയം പാണ്ഡുപുത്രനായ അർജുനനോടായിരുന്നു. ഇത് കർണന്റെ മനസ്സിനെയും കൗരവകുമാരൻമാരുടെ മനസ്സിനെയും അലട്ടിയിരുന്നു. അർജുനനേക്കാൾ ശ്രേഷ്ഠനായ വില്ലാളി തന്നെയാണ് കർണൻ. എന്നാൽ കർണൻ സൂതപുത്രനായതിനാൽ അവന്റെ കഴിവുകൾ കാണാൻ ഗുരുവിന് കണ്ണില്ല. ഒരാൾ ശ്രേഷ്ഠനാകുന്നത് അയാളുടെ കുലം വെച്ചാണെന്ന തത്വശാസ്ത്രത്തിലാണ് പറയുന്നത്. ഒരാൾ ശ്രേഷ്ഠനാകുന്നത് അയാളുടെ സ്വഭാവത്തിലല്ല. അതുവഴി അയാൾ ചെയ്യുന്ന കർമ്മത്തിലൂടെയാണ്. എന്നാൽ ഗുരു ദ്രോണരെ പോലെയുള്ളവർ കുലത്തിന്റെ ജീർണ്ണിച്ച തുലാസ്സിൽ ആണ് കർണനെ, ആ യോദ്ധാവിനെ, ആ ധർമ്മിഷ്ഠനെ, ആ ശ്രേഷ്ഠനെ അളന്നത്.

ആറുവർഷത്തെ ആയോധനശാലയിലെ പരിശീലനത്തിനു ശേഷം ഹസ്തിനപുരിയിൽ മത്സരകളരി ഒരുങ്ങുകയായി. യോദ്ധാക്കളുടെയെല്ലാം കഴിവുതെളിയിക്കാനുള്ള മത്സരത്തിൽ ഒന്നാമനായി വിജയിക്കുന്നയാളെ ഹസ്തിനപുരിയിലെ വീരനായി ആദരിക്കും. ഈ മത്സരകളരിയെപ്പറ്റി കേൾക്കുമ്പോൾ കർണൻ അത്യധികം സന്തോഷവാനാകുന്നുണ്ട്. ആറ് വർഷമായി തന്നെ നിരസിച്ചു കൊണ്ടിരുന്ന ഗുരുവര്യനും അതിനു കാരണമായി തീർന്ന ആ അർജുനനെയും താൻ ഇപ്പോഴും ഇവിടെ ജീവിച്ചിരിപ്പുണ്ടെന്ന് കാട്ടിക്കൊടുക്കുമെന്ന് കർണൻ മനസ്സിൽ മന്ത്രിക്കുന്നു. "വൈരക്കല്ലെന്ന് കരുതി ദ്രോണർ നെഞ്ചോടു ചേർത്തുപിടിച്ചിരുന്ന അർജുനൻ, ഒരു മിന്നുന്ന കല്ല് മാത്രമാണെന്ന്അ അദ്ദേഹത്തിന് ഇനി മനസ്സിലാക്കും" (മൃത്യുഞ്ജയ- അധ്യായം - ഒന്ന്) ഈ വരികളിൽ കർണന്റെ മനസ്സിൽ എത്രമാത്രം അർജുനനോടുള്ള വിദ്വേഷം ഉണ്ടെന്നും ഒപ്പം ഗുരുവര്യന്റെ കർണനോടുള്ള സമീപനരീതി എത്രമാത്രം കർണനിൽ അമർഷം ഉളവാക്കിയിട്ടുണ്ടെന്ന് ഇവിടെ വ്യക്തമാണ്.

മഹാഭാരതത്തിൽ കർണന്റെ മത്സരകളരിയിലേക്കുള്ള അരങ്ങേറ്റം അതീവ ആകർഷകമായി തന്നെയാണ് വ്യാസൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. അതുപോലെ തന്നെ സാവന്തും ഒട്ടും പിന്നോട്ടില്ല. വ്യാസഭാരതത്തിലെ അതേ അന്തരീക്ഷം നിലനിർത്തിക്കൊണ്ട് തന്നെ അതിനോടൊപ്പം തന്റെ ഭാവനയും ചേർത്തുവെച്ച് കർണന്റെ അരങ്ങേറ്റം അതിമനോഹരമായി തന്നെ ഈ നോവലിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.



AnyScanner

കളരിയുടെ ഭാഗത്തേക്ക് പോകുവാനായി ഒരുങ്ങുന്ന കർണനെ ശോണർ തടയുവാൻ ശ്രമിക്കുന്നു. എന്തെന്നാൽ തന്റെ ചേട്ടന്റെ കുണ്ഡലങ്ങൾ ഇന്ന് പ്രകാശിച്ചിട്ടില്ല. അത് ഇരുണ്ടിരിക്കുകയാണ്. കൂടാതെ വസന്തകാലം ആയിട്ടുകൂടി സൂര്യദേവൻ ദർശനം തരാതെ മറഞ്ഞുനിൽക്കുന്നു. എന്നിങ്ങനെയുള്ള സൂചനകൾ ചൂണ്ടിക്കാട്ടി കൊണ്ട് ശോണർ കർണനെ തടയുവാൻ ശ്രമിക്കുന്നു. ശോണന്റെ ഭയം കലർന്ന നോട്ടവും, തന്റെ കുണ്ഡലങ്ങളുടെ പ്രകാശമില്ലായ്മയും ഗുരുവിന്റെ ദർശനം കിട്ടാത്തതും കർണനെ ചിന്താകുലനാക്കി. ഇനി ഏതെങ്കിലും മഹാവിപത്തിന്റെ മുന്നോടിയാണോ? എങ്കിലും കർണൻ കളരിക്കടുത്ത് പോകുവാൻ നിശ്ചയിച്ചു. ഒപ്പം ശോണനും. താൻ കളരിക്ക് പുറത്തു നിൽക്കും. സൂര്യഭഗവാൻ ദർശനം തന്നാൽ ഞാൻ അകത്തേക്ക് പ്രവേശിക്കും എന്ന് ശോണർ പറഞ്ഞു. കളരിക്കു വെളിയിൽ നിന്നു കൊണ്ട് അർജുനന് നേരെ ജനങ്ങൾ ഉതിർക്കുന്ന വിജയാരവങ്ങൾ ശരങ്ങൾ പോലെ കർണന്റെ നെഞ്ചിൽ തുളച്ചുകയറി. അതിന്റെ ആഘാതത്തിൽ കർണന്റെ മനസ്സ് പിടഞ്ഞു. കർണന്റെ ജീവിതത്തിലെ പ്രധാനമായ സമയമായിരുന്നു അത്. സൂര്യഭഗവാൻ ഒന്ന് ആശീർവദിച്ചിരുന്നെങ്കിൽ എന്ന് അത്യധികം ആഗ്രഹിച്ചു. കേവലമൊരു നിമിഷം കൊണ്ട് മേഘങ്ങൾ മാറുകയും തന്റെ കുണ്ഡലങ്ങൾ വീണ്ടും തിളങ്ങുകയും ചെയ്തിരുന്നു. ഇതോടെ കർണൻ കളരിയിൽ പ്രവേശിച്ച് അർജുനനുമായി മത്സരത്തിൽ ഏർപ്പെട്ടു. അർജുനൻ ചെയ്ത ഓരോ കാര്യങ്ങളും അർജുനനെക്കാൾ അതിമനോഹരമായി ചെയ്ത് എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കാൻ ശ്രമിച്ചു. എന്നാൽ അവസാന മത്സരമായ 'ശബ്ദഭേദന' ത്തിൽ കർണൻ തോറ്റതായി ദ്രോണർ പ്രഖ്യാപിച്ചു. ഗുരുദ്രോണരു പോലും ശ്രദ്ധിക്കാത്ത കാര്യം കർണൻ ശ്രവിച്ചത് കൊണ്ടാണ് പരാജിതനായത്. ഇത് കർണനെ ദുഃഖിപ്പിച്ചെങ്കിലും ഭീഷ്മപിതാമഹൻ ഇത് ശ്രദ്ധിച്ച് കണ്ടെത്തുകയും കർണനെ വിജയിയായി പ്രഖ്യാപിച്ചു. എന്നാൽ ജാതിയുടെ പേരിൽ അപമാനിതനാകുകയാണ് ചെയ്തത്. അർജുനനെക്കാൾ കഴിവും സാമർത്ഥ്യവും ഉണ്ടായിരുന്നിട്ടും സൂതനായി എന്ന പേരിൽ എല്ലാ സൗഭാഗ്യവും നഷ്ടപ്പെട്ട് അപ



AnyScanner

മാനിതനായി നിൽക്കാനായിരുന്നു കർണന്റെ വിധി.

## പാഞ്ചാലീവസ്ത്രാക്ഷേപം

മഹാഭാരതത്തിൽ യുദ്ധത്തിന് കാരണമായ പ്രധാന കാരണമാണ് പാഞ്ചാലി വസ്ത്രാക്ഷേപം. യുധിഷ്ഠിരന്റെ ചൂതിലുള്ള ഭ്രമം കൗശലക്കാരനായ ദുര്യോധനന്റെ അമ്മാവനായ ശകുനി തന്ത്രപൂർവ്വം പാണ്ഡവരുടെ നാശത്തിനായുള്ള വഴിയായി കാണുന്നു. ദുര്യോധനന്റെ പട്ടാഭിഷേകവുമായി ബന്ധപ്പെട്ട ചടങ്ങിന് പാണ്ഡവരെ ക്ഷണിക്കുന്നു. തുടർന്ന് യുധിഷ്ഠിരനെ ചൂതിനായി വിളിക്കുകയും അവർ കളിക്കുകയും ചെയ്യുന്നു. ദുര്യോധനനുമായി കളിക്കുന്നത് ശകുനിയാണ്. അദ്ദേഹവുമായി ചൂത് കളിക്കുന്നവർ ഇന്നേവരെ ജയിച്ച ചരിത്രം ഇല്ല. എന്നാൽ ചൂത് എന്ന ചതിയിലൂടെ പാണ്ഡവരെ തോല്പിക്കാൻ കർണന് താല്പര്യം ഉണ്ടായിരുന്നില്ല. കാരണം കർണൻ ഒരിക്കലും അധർമ്മം ചെയ്യാൻ ആഗ്രഹിച്ചിരുന്നില്ല.

യുധിഷ്ഠിരൻ തുടരേ തുടരേ തോറ്റുകൊണ്ടേയിരിക്കുന്നു. സ്വത്തുക്കൾ എല്ലാം നഷ്ടമായി. എന്നിട്ടും കളി തുടർന്നു. തുടർന്ന് സഹോദരൻമാരെയും സ്വപത്നി പാഞ്ചാലിയെയും പണയം വെച്ചു. അവസാനമത്സരത്തിലും തോക്കുന്നു. അത്യധികം ആഹ്ലാദത്താൽ ദുര്യോധനൻ പാഞ്ചാലിയെ കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. ഇന്ദ്രപ്രസ്ഥത്തിൽ വെച്ച് പാഞ്ചാലി ദാസിമാരോടൊപ്പം നിന്നുകൊണ്ട് ദുര്യോധനനെ കളിയാക്കുന്നുണ്ട്. അതിന്റെ പ്രതികാരത്തിനായി വീണുകിട്ടിയ അവസരം ദുര്യോധനൻ ഉപയോഗപ്പെടുത്തുന്നു. ആദ്യം ചെന്നു വിളിച്ചു. ആദ്യം ചെന്നുവിളിച്ചിട്ടും വരാത്ത ദ്രൗപദിയെ രജസ്വലയായിരിക്കെ ഒറ്റവസ്ത്രത്തിൽ നിലത്തു കൂടി വലിച്ചിഴച്ചു കൊണ്ടുവന്നു. ഇവരുടെ വസ്ത്രം അഴിച്ചുമാറ്റാനായി ദുശ്ശാസനനോട് ദുര്യോധനൻ പറയുന്നു. ദുശ്ശാസനന്റെ പ്രവൃത്തികൾ കണ്ടിട്ട് നിന്റെ മാറുപിളർന്ന് രക്തംസ്രവിക്കും എന്ന് ഭീമൻ പ്രതിജ്ഞ ചെയ്യുന്നു. എന്നാൽ കർണനെ സൂതപുത്രനെന്ന് സദസ്സിൽ ഉച്ചത്തിൽ പറഞ്ഞ സ്ത്രീയാണ് പാഞ്ചാലി. എങ്കിലും അവളുടെ അവസ്ഥയിൽ കർണൻ അസ്വസ്ഥനാകുന്നു. കർണന് എഴുന്നേറ്റ് നിന്ന് അനീതി തടയണം എന്നുണ്ട്. എന്നാൽ ആചാര്യന്മാരും, പിതാമഹനും, മഹാരാജാവും മൗനം പാലിക്കുന്നിടത്ത് താൻ എന്തു ചെയ്യാനാണ് എന്നു സ്വയം ചിന്തിക്കുന്നു. കൂടാതെ താൻ ഇതുതടഞ്ഞാൽ തന്റെ ആത്മമിത്രം ദുര്യോധനൻ സൂതപുത്രാ, നിനക്കിതിൽ എന്തു കാര്യം എന്നു ചോദിച്ചാൽ അതിൽപരം അപമാനം ഇനി വേറെയുണ്ടോ? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങളാൽ കർണന്റെ മനം സങ്കുചിതമാകുന്നുണ്ട്. തന്റെ നേരെയുള്ള അനീതി കണ്ടിട്ട്

ആരും എന്താണ് പ്രതികരിക്കാത്തത് എന്ന് ദ്രൗപദി ആരായുന്നു.

ദുശ്ശാസനൻ കുതറിമാറുന്ന അവളുടെ വസ്ത്രം അഴിച്ചെടുക്കുവാൻ പരിശ്രമിക്കുന്നു. അവൾ ഓരോരുത്തരുടെയും ഇരിപ്പിടത്തിനു മുൻപിൽ വന്നു സഹായം അഭ്യർത്ഥിക്കുന്നു. ഒടുക്കം പാഞ്ചാലി വസുദേവനെ ധ്യാനിക്കുകയും വസുദേവൻ പാഞ്ചാലിയുടെ മാനം കാക്കുകയും ചെയ്യുന്നു. എല്ലാവരോടും പാഞ്ചാലി സഹായം ചോദിക്കുന്നുണ്ട്. എന്നാൽ കർണനോടു മാത്രം ചോദിക്കുന്നില്ല. ഒരുപക്ഷേ ചോദിച്ചിരുന്നെങ്കിൽ പാഞ്ചാലിക്ക് ശ്രീകൃഷ്ണനെ സഹായത്തിനായി വിളിക്കേണ്ടി വരില്ലായിരുന്നു. താൻ സൂതനായതിനാലാവണം തന്നോടു പാഞ്ചാലി സഹായം ചോദിക്കാത്തത് എന്ന് കർണൻ ചിന്തിക്കുന്നു.

## അംഗരാജ്യവും സുയോധനസൗഹൃദവും

അർജുനൻ-കർണൻ ദ്വന്ദ്വയുദ്ധ പ്രഖ്യാപനത്തിലൂടെയാണ് കർണ-ദുര്യോധന സൗഹൃദം തുടങ്ങുന്നത്. ഒന്നാംകിട വില്ലാളിയായി പിതാമഹൻ പ്രഖ്യാപിച്ചിട്ടും തനിക്ക് വിജയമാല അണിയാനുള്ള അവസരം നിഷേധിച്ചതിൽ അസ്വസ്ഥനായ കർണനാണ് ദ്വന്ദ്വയുദ്ധത്തിന് അർജുനനെ വെല്ലുവിളിക്കുന്നത്. എന്നാൽ ദ്വന്ദ്വയുദ്ധത്തിന്റെ നിയമങ്ങൾ അറിയാവുന്ന കൃപാചാര്യൻ യുദ്ധനീതിയെയും, ധർമ്മനീതിയെയും പറ്റി പറയുന്നു. സമാനകുലജാതരായവർ തമ്മിലേ ദ്വന്ദ്വയുദ്ധം പാടുള്ളൂ എന്ന നിയമം അറിഞ്ഞതും നിസ്സഹായനായി വാടിയ പൂവ് പോൽ തല കുമ്പിട്ടു നിന്നു. കാരണം കർണൻ ഒരു സൂതപുത്രൻ ആണ്. ഇതറിയാതെയാണ് ദുര്യോധനൻ അംഗരാജ്യം കർണന് ദാനം ചെയ്തത്. എന്നാൽ കളരിയിലേക്ക് കർണനെ അന്വേഷിച്ചെത്തുന്ന പിതാവായ അതിരഥനെ കണ്ടതും കർണൻ ഒരു സൂതപുത്രനാണെന്ന് എല്ലാവരും മനസ്സിലാക്കുകയും ചെയ്യുന്നു. യുവരാജാക്കൻമാരുടെയും സദസ്യരുടെയും കളിയാക്കലുകൾക്ക് കർണൻ വിധേയനാകുമ്പോഴും അവനുവേണ്ടി ദുര്യോധനൻ സംസാരിച്ചുകൊണ്ടിരുന്നു. കർണന്റെ വീര്യത്തെ പുകഴ്ത്തി പറഞ്ഞു. ഇവിടെ അപമാനിതനായി നിസ്സഹായനായി തീരുന്ന വേളയിൽ ദുര്യോധനൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാലാണ് ദുര്യോധനനോട് കർണന് അത്യധികം പ്രിയവും ആദരവും തോന്നുന്നത്. ഗുരു ദ്രോണർക്കോ, കൃപാചാര്യർക്കോ സാധിക്കാത്തതും അവർ ഒരിക്കലും ചെയ്യാത്ത കാര്യവുമാണ് ദുര്യോധനൻ ചെയ്തത്. തേരാളിയുടെ മകനിൽ നിന്ന് അംഗരാജാവ് എന്ന പദവിയിലേക്കുയർന്നിട്ടുണ്ടെങ്കിൽ അതിന് കാരണവും ദുര്യോധനൻ മാത്രമാണ്. കൂടാതെ കുലത്തെപ്പറ്റി ആരായുന്ന ആചാര്യനോടും, സൂത

പുത്രനാണെന്ന് അറിയുമ്പോൾ കളിയാക്കുന്ന ഭീമനോടും ചോദ്യശരങ്ങൾ ഉയർത്തിക്കൊണ്ടും ക്ഷത്രിയനിയമങ്ങൾ പ്രസ്താവിച്ച് കൊണ്ട് കർണന് വേണ്ടി വാദിക്കുന്ന ദുര്യോധനനെ നോവലിൽ കാണാവുന്നതാണ്. ദുര്യോധനനോട് കർണൻ എന്നും കടപ്പെട്ടിരിക്കുമെന്നതിന്റെയും കർണൻ ദുര്യോധനനെ തന്റെ ആത്മമിത്രമായി കണക്കാക്കുന്നതും, ഇനിയുള്ള ജീവിതം ദുര്യോധനനായി സമർപ്പിക്കുന്നതായും കർണൻ പറയുന്നു. കൂടാതെ ദുര്യോധനന് ഉറച്ച വിശ്വാസമുണ്ടായിരുന്നു കർണൻ സൂതൻ അല്ലായെന്നത്. എന്തെന്നാൽ തുടക്കത്തിൽ പാണ്ഡവർക്കെതിരെയുള്ള ബ്രഹ്മാസ്ത്രമായി കർണനെ കാണുന്ന ദുര്യോധനനിൽ നിന്ന് മാറി ഒരു സുഹൃത്തെന്ന രീതിയിലേക്ക് പരിണമിക്കുന്ന ദുര്യോധന മനസ്സിനെ നോവലിൽ കാണുവാൻ സാധിക്കുന്നതാണ്. ദുര്യോധനൻ, അശ്വത്ഥാമാവ്, കർണൻ എന്നിവരുടെ ത്രിമൂർത്തി സംഗമം നിരന്തരം നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അത്യധികം ദുഃഖം വരുമ്പോൾ കർണനോടായി വിലപിക്കുന്ന ദുര്യോധനനെയും നോവലിൽ കാണാവുന്നതാണ്. ഇതിൽ നിന്നും വ്യക്തമാണ്, പാണഡവരെ തോൽപ്പിക്കാനുള്ള ഒരു ആയുധം എന്നതിലുപരി കർണനെ ഒരു സുഹൃത്തെന്നോണം ദുര്യോധനൻ കണക്കാക്കിയിരുന്നു എന്നത്.

കർണൻ അർജുനന്റെ അമ്പേറ്റ് കിടക്കുന്നതറിഞ്ഞ് ഓടി വരുന്നതും ദുര്യോധന കർണ സംഭാഷണവും അത്യധികം വൈകാരികത നിറഞ്ഞു നിൽക്കുന്നവയാണ്. തന്റെ സഹോദരങ്ങളിൽ ഭൂരിഭാഗം പേരും മരിച്ചിട്ടും കരയാത്ത ദുര്യോധനൻ കർണന്റെ മരണാസന്ന നില കണ്ട് വിലപിക്കുന്നുണ്ട്. കൗരവരുടെ വിജയനാണയമായി തന്നെ കർണനെ കരുതുന്നതോടൊപ്പം അതിലുപരി ആത്മമിത്രമായിട്ടു തന്നെയാണ് ദര്യോധനൻ കർണനെ കണ്ടിരുന്നത്.

## ശ്രീകൃഷ്ണനും കുരുക്ഷേത്രയുദ്ധവും

"ജയ തസ്മാൻ പരാജയ"

മഹാഭാരതത്തിലെ പ്രശസ്തമായ ശ്ലോകമാണിത്. "ജയം തന്നെയാണ് പരാജയവും" എന്നാണ് ഇതിന്റെ അർത്ഥം. ഇതുതന്നെയാണ് മഹാഭാരതത്തിന്റെ അവസാനവും വ്യാസൻ പറയുന്നതും.

അർജുന-കർണ ഏറ്റുമുട്ടലിനിടയിൽ കർണന്റെ രഥം ചെളിയിൽ അകപ്പെടുന്നു. അത് ഉയർത്തുവാൻ ശ്രമിക്കുന്നതിനിടയിൽ ശ്രീകൃഷ്ണൻ അർജുനനോട് അർദ്ധചന്ദ്രാകൃതിയിലുള്ള ആഞ്ജലികബാണം പ്രയോഗിക്കാൻ പറയുന്നു. പക്ഷേ നിരായുധനനായ ആളുമായി യുദ്ധം ചെയ്യുന്നത് ധർമ്മം അല്ലല്ലോ? എന്ന ചിന്തയിൽ അർജുനൻ ശങ്കിച്ചു നിന്നു. എന്നാൽ ശ്രീകൃഷ്ണൻ ആജ്ഞാസ്വരത്തിൽ പറയുന്നു. ഇതുകേട്ട് ആഞ്ജലികാബാണം തൂണിരത്തിൽ നിന്നു വലിച്ചെടുത്തു. അത് ശരിയല്ലേ എന്ന് നോക്കുന്നതിനായി ശ്രീകൃഷ്ണൻ വിരലുകൾക്കിടയിൽ വെച്ച് വലിച്ചു നോക്കുന്നു. അത്രയും സൂക്ഷ്മമായ വളരെ നേരിയ ധ്വനി കേട്ട കർണന്റെ രഥചക്രത്തിലുറപ്പിച്ചിരുന്ന കണ്ണുകൾ പെട്ടെന്ന് തിരിയുന്നു, എന്നിട്ട് അർജുനനോടായി പറയുന്നു. "അർജുനാ, നിൽക്കൂ ഞാൻ നിരായുധനാണ്, താഴെയാണ്, താഴെ നിൽക്കുന്ന നിരായുധനു നേരെ അസ്ത്രം ഉപയോഗിക്കുന്നത് യുദ്ധധർമം അല്ല. നീ വീരനാണ്. ക്ഷത്രിയനാണ് (മൃത്യുഞ്ജയ 9-ാം അദ്ധ്യായം). കർണന്റെ മർമ്മസ്പർശിയായ ഈ വാക്കുകൾ കേട്ട് അർജുനൻ ധർമസങ്കടത്തിലായി. ഇതുകാണുന്ന ശ്രീകൃഷ്ണന്റെ മനസ്സ് കലുഷിതമായി. എങ്ങനെയും കർണനെ തോല്പിക്കണമെന്ന് വസുദേവൻ ചിന്തിക്കുന്നു.

കർണൻ ആവർത്തിക്കുന്ന ആ ധർമത്തെ തിരിച്ച് അയാളുടെ മേൽ തന്നെ ചാരി അർജുനനെ കഴിഞ്ഞ കാലത്തെപ്പറ്റി ഓർമ്മിപ്പിച്ചു കരുത്തേകണം എന്ന തീരുമാനത്തിൽ ശ്രീകൃഷ്ണൻ എത്തിച്ചേരുന്നു. കർണനോടായി കൃഷ്ണൻ ആരായുന്നു; ധർമ്മത്തിന്റെ അർത്ഥം നിനക്കറിയുമോ? പാഞ്ചാലിയെ വേശ്യ എന്നു വിളിച്ചപ്പോൾ, അഞ്ചുപുത്രൻമാരോടൊപ്പം കുന്തീദേവി നഗ്നപാദയായി വനത്തിലേക്ക് പോയപ്പോൾ, പതിനാറ് വയസ്സ് മാത്രം പ്രായമുള്ള ബാലനായ അഭിമന്യുവിനെ നിങ്ങൾ ആറുപേർ ചേർന്ന് കൂട്ടമായി വളഞ്ഞ് ആക്രമിച്ചപ്പോൾ, ഈ സന്ദർഭങ്ങളിലെല്ലാം എവിടെപോയി സൂതപുത്രാ...... നിന്റെ ദിവ്യമായ ധർമം. ശ്രീകൃഷ്ണന്റെ ഈ വാക്കുകൾ അർജുനനിലേക്ക് ശരങ്ങൾ പോലെ തുളച്ചു കയറി. അർജുനൻ അമ്പെയ്തു. ഇതുകാണുന്ന

കർണ്ണൻ കൈകൾ കൂപ്പുന്നുണ്ട്. എന്നാൽ അത് അഭ്യർത്ഥിക്കുന്നതല്ലായിരുന്നു. ശ്രീകൃഷ്ണനെ വന്ദിച്ചതാണ്. കർണ്ണനെ സൂതപുത്രാ എന്ന് വിളിച്ചതിൽ അത്യധികം ദുഃഖിക്കുന്ന ശ്രീകൃഷ്ണനെ നോവലിൽ കാണാൻ സാധിക്കുന്നതാണ്. കടിഞ്ഞാണ് താഴെയിട്ടു. താഴെ വീണുകിടക്കുന്ന കർണ്ണന്റെ മുറിവേറ്റ ശരീരത്തിനുനേരെ 'രാധേയാ' എന്നു വിളിച്ചുകൊണ്ട് കണ്ണുകൾ ഉയർത്തിക്കൊണ്ട് ഓടുന്ന ശ്രീകൃഷ്ണനെ നോവലിന്റെ അവസാനം കാണാവുന്നതാണ്. കർണ്ണന്റെ അവസാനത്തെ ആഗ്രഹം തന്റെ മരണാനന്തര ചടങ്ങുകൾ ശ്രീകൃഷ്ണൻ ചെയ്യണമെന്നായിരുന്നു, അതും കന്യാഭൂമിയിൽ വെച്ച്. കർണ്ണൻ പറഞ്ഞതിന്റെ പൂർണ്ണാർത്ഥം മനസ്സിലാവാതെ ശ്രീകൃഷ്ണൻ വീണ്ടും ചോദിച്ചു. 'കന്യാഭൂമി എന്നുവെച്ചാൽ'...അതെ കന്യാ ഒരു പുൽക്കൊടി പോലും മുളക്കാത്ത ... ഭൂമി. എന്റെ ദുഃഖങ്ങൾ അവ വീണ്ടും വീണ്ടും ... മാതൃഭൂമിയിൽ ... മറ്റൊരു രൂപം പൂണ്ട് ... മുളയ്ക്കരുത്, അതുകൊണ്ട് ഈ പഞ്ചഭൂതങ്ങൾ ... കന്യാഭൂമിയിൽ വിലയിച്ച് ...വിലയിച്ച് (മൃത്യുഞ്ജയ ൯-ാം അധ്യായം). കർണ്ണന്റെ വാക്കുകൾ അത്യധികം അസ്പഷ്ടമായി തീരുന്നു. അയാൾ അന്ത്യത്തോട് അടുക്കുകയാണ്. കർണ്ണന്റെ അന്ത്യാഭിലാഷം കേട്ട് കൃഷ്ണനും വിസ്മയിച്ചു പോകുന്നുണ്ട്. തന്നെപ്പോലെ, തന്റെ നിർഭാഗ്യകരമായ ജീവിതം ഇനി ഈ ഭൂമിയിൽ ആർക്കും ഉണ്ടാകരുതെന്ന് കർണ്ണൻ ആശിക്കുന്നു. എന്തെന്നാൽ കർണ്ണൻ സഹിച്ച യാതനകൾ മരണത്തേക്കാൾ ക്രൂരമായിരുന്നു. ഇങ്ങനെയൊരു ഹീനനായും, ഹതഭാഗ്യനായും, ഇനി ആരുംതന്നെ ഈ ഭൂമിയിൽ ജനിക്കാൻ പാടില്ല!

കന്യാഭൂമിയിൽ കർണ്ണന്റെ മരണാനന്തര ക്രിയകൾ കഴിഞ്ഞശേഷം വായുജിത്ത് കുതിരയുമായി പോകുവാൻ ഒരുങ്ങുന്ന ശ്രീകൃഷ്ണൻ ദൂരെ നിന്ന് അഞ്ച് പന്തങ്ങൾ കാണും. ഈ അഞ്ച് പന്തങ്ങൾ പാണ്ഡവരായിരുന്നു.

"പക്ഷേ വൈകിപ്പോയി വളരെ വളരെ വൈകിപ്പോയി" കൃഷ്ണന്റെ ഈ വരികളിലൂടെയാണ് മൃത്യുഞ്ജയ നോവലിന്റെ അവസാനം. താങ്കൾ ചതിയിലൂടെ വധിച്ചത് ജ്യേഷ്ഠനെയാണ് എന്ന് മനസ്സിലാക്കി കന്യാഭൂമിയിലേക്ക് വരുന്ന പാണ്ഡവരെയാണ് നോവലിന്റെ അവസാനം കാണിക്കുന്നത്. ജയം പാണ്ഡവർക്കാണെങ്കിലും പരാജയവും അവർക്കു തന്നെ. യുദ്ധം ജയിച്ചു എന്നു പൊതുവേ പറയാമെങ്കിലും പാണ്ഡവർക്ക് തോൽവി തന്നെയാണ് ഇവിടെ സംഭവിക്കുന്നത്. പാണ്ഡവർക്ക് അവരുടെ എല്ലാ പുത്രന്മാരെയും നഷ്ടമാവുകയും, സ്വന്തം ജ്യേഷ്ഠനെ ചതിയിലൂടെ വധിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഈ യുദ്ധം കൊണ്ട് എന്താണ് നേടിയത്?



SCAN AnyScanner

## അദ്ധ്യായം - 4

# കർണ്ണൻ എന്ന വാങ്മയ ചിത്രം:

## ഇതു നോവലുകളിലെയും കഥാപാത്ര ചിത്രീകരണം

പ്രശസ്ത നോവലിസ്റ്റാണ് ശിവാജി സാവന്ത്. അദ്ദേഹത്തിന്റെ പ്രധാന കൃതികളിൽ ഒന്നാണ് വ്യാസഭാരത കഥയിലെ കർണ്ണൻ. കർണ്ണൻ എന്ന കഥാപാത്രത്തിന്റെ ജീവിതത്തെ ആസ്പദമാക്കി എഴുതിയതാണ് മൃത്യുഞ്ജയ എന്ന നോവൽ. മലയാളത്തിൽ ഈ നോവലിന്റെ നാമം 'കർണ്ണൻ' എന്നാണ്. ഡോ.പി.കെ.ചന്ദ്രൻ, ഡോ.ടി. ആർ.ജയശ്രീ എന്നിവരാണ് ഇതിന്റെ വിവർത്തകർ. കർണ്ണന്റെ ജനനം മുതൽ അന്ത്യം വരെയുള്ള എല്ലാ ജീവിത സന്ദർഭങ്ങളും സാവന്ത് ഇതിലെ ഇതിവൃത്തമായി ചിത്രീകരിച്ചിരിക്കുന്നു. ഈ നോവലിൽ മഹാഭാരതത്തിലെ കേന്ദ്രകഥാപാത്രങ്ങളുടെ വ്യക്തിത്വം ബഹിർസ്ഫുരണത്തിലൂടെ ജീവിതമെന്ന വിഹ്വല സമസ്യയുടെ അർത്ഥമന്വേഷിക്കുകയാണ് വിശ്രുത മറാത്തി നോവലിസ്റ്റ് ശിവാജി സാവന്ത്. കർണ്ണൻ, വൃഷാലി, ദുര്യോധനൻ, ശോണൻ, ശ്രീകൃഷ്ണൻ എന്നിവരുടെ ആത്മകഥനത്തിലൂടെ 9 അധ്യായങ്ങളായി ഭാരതകഥ ഇവിടെ അനാവരണം ചെയ്യപ്പെടുന്നു.

മരണവക്രത്തിൽ അകപ്പെട്ട കർണ്ണൻ സ്വന്തം കഥ സത്യസന്ധമായും പുകമറയില്ലാതെയും പറയാൻ നിർബന്ധിതനായി തീരുകയാണ്. 'ഇന്ന് ഞാൻ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്'. കാലന്റെ വായിലകപ്പെട്ടവൻ സംസാരിക്കുന്നു എന്നവർ അത്ഭുതപ്പെട്ടേക്കാം. എന്നാൽ മരിച്ചവർക്കും സംസാരിക്കേണ്ടി വരുന്ന ചില സന്ദർഭങ്ങൾ ഉണ്ടാകും. മജ്ജയും മാംസവും ഉള്ള മനുഷ്യകോലങ്ങൾ മൃതതുല്യരായി പെരുമാറുമ്പോൾ മരിച്ചവർക്ക് ചേതനപൂണ്ട് സംസാരിക്കേണ്ടി വരും.

ഇങ്ങനെയാണ് ഈ നോവലിന്റെ തുടക്കം. എത്ര തീവ്രമായാണ് ഓരോ കഥാപാത്രത്തിന്റെയും വികാരങ്ങൾ സാവന്ത് ഇതിൽ വരച്ചു ചേർക്കുന്നതെന്ന് പറയാതിരിക്കാൻ വയ്യ. നോവൽ എവിടെ നിന്നാണോ തുടങ്ങുന്നത് അവിടെ തന്നെയാണ് നോവലിന്റെ അവസാനവും. കഥാപാത്രങ്ങളിൽ മാത്രമാണ് വ്യത്യാസം വരുന്നത്. ആദ്യത്തെ അധ്യായത്തിൽ വർത്തമാനകാലത്തിൽ നിന്നുകൊണ്ട് ഭൂതകാലത്തിലെ ചമ്പാനഗരിയിലെ കുട്ടിക്കാലം മുതൽ കർണ്ണൻ പറഞ്ഞുപോകുന്നു. എന്നാൽ കഥയുടെ അവസാനത്തെ അധ്യായത്തിൽ എത്തുമ്പോൾ പറഞ്ഞു പോകുന്നത് ശ്രീകൃഷ്ണൻ ആകുന്നു. വിഷയം മരണാനന്തര കർമ്മങ്ങൾ ചെയ്ത ശേഷം കർണ്ണന്റെ കുതിരയായ വായുജിത്തുമായി പോകുവാൻ ഒരുങ്ങുമ്പോൾ ഞാൻ വ്യക്തമായി കണ്ടു. ആളിക്കത്തുന്ന പന്തങ്ങൾ അഞ്ചെണ്ണം. അത് പാണ്ഡവർ. പക്ഷേ വൈകിപ്പോയി.

വളരെ വൈകിപ്പോയി എന്ന വരികളിലൂടെയാണ് നോവൽ അവസാനിക്കുന്നത്. മൃത പ്രായമായി മരണം കാത്ത് കുരുക്ഷേത്ര ഭൂമിയിൽ കിടക്കുന്ന കർണ്ണൻ തന്റെ പഴയ കാലത്തെക്കുറിച്ച് ആലോചിച്ചു തുടങ്ങുന്നിടത്തു നിന്ന് ആരംഭിക്കുന്ന കർണകഥ അവസാനിക്കുന്നത് കർണ്ണന്റെ ചിത എരിഞ്ഞടങ്ങുമ്പോൾ സത്യങ്ങൾ എല്ലാം അറി ഞ്ഞെത്തുന്ന പാണ്ഡവരെ കൃഷ്ണൻ കാണുന്നതോടുകൂടിയാണ്.

കർണന്റെ ദൈന്യതയും, ദൗർഭാഗ്യവും മാത്രമല്ല ധൈര്യവും, ദാനവും, സാമർത്ഥ്യവും, വാഗ്ദാനവും, ബാവമഹിമയും വളരെ മനോഹരമായി കൃതിയിൽ നോവലിസ്റ്റ് ആവിഷ്ക്കരിക്കുന്നുണ്ട്. മരണം കാത്ത് കുരുക്ഷേത്ര ഭൂമിയിൽ കിടക്കുന്ന കർണൻ തന്റെ അകാലസ്മൃതിയിൽ ആഴ്ന്നിറങ്ങുമ്പോൾ ആദ്യം തെളിഞ്ഞുവരു ന്നത് ചമ്പാനഗരിയിലെ അദ്ദേഹത്തിന്റെ കുട്ടിക്കാലമാണ്. സ്നേഹവാത്സല്യ നിധി കളായ പിതാവ് അതിരഥനും മാതാവ് രാധയും ഒപ്പം ജ്യേഷ്ഠനെ നിഷ്കളങ്കമായും നിസ്വാർത്ഥമായും സ്നേഹിച്ച അനിയൻ ശോണരും ഒപ്പമുള്ള കർണന്റെ കുട്ടിക്കാല ജീവിതം. കുട്ടിക്കാലത്ത് സൂതനായിരുന്നിട്ടും ചാട്ടയോടും കുതിരകളോടും തോന്നാത്ത അഭിനിവേശമായിരുന്നു അദ്ദേഹത്തിന് വില്ലിനോടും ധനുവിദ്യയോടും തോന്നിയത്. രാത്രിയും പകലും നക്ഷത്രം പോൽ പ്രകാശിക്കുന്ന കുണ്ഡലങ്ങൾ ഉള്ള അഭേദ്യ തൊലിയും ഉള്ള ആളായി താൻ എങ്ങനെ മാറിയെന്ന് എത്ര ചിന്തി ച്ചിട്ടും അദ്ദേഹത്തിന് ഉത്തരം ഇല്ല. തന്റെ സ്വസഹോദരനായ ശോണന് പോലും ഇതൊന്നുമില്ല. ആർക്കും ലഭിക്കാത്ത ഈ കവചകുണ്ഡലങ്ങൾ തനിക്ക് മാത്രം എ ങ്ങനെ ലഭിച്ചു എന്ന ചോദ്യം കർണനെ നിരന്തരം അലട്ടിയിരുന്നു. കുട്ടിക്കാലം മുതൽക്കേ ഞാൻ ആരാണ് എന്ന ചോദ്യം കർണനെ വേട്ടയാടിക്കൊണ്ടിരുന്നു. ഒന്നാം അധ്യായത്തിൽ ശോണനും കർണനും തമ്മിലുള്ള സന്ദർഭരംഗത്തിൽ നമുക്ക് കാണാൻ, ശോണനു തന്റെ ജ്യേഷ്ഠനോടുള്ള നിഷ്കളങ്കമായ സ്നേഹം ഇവിടെ കാണാം. ശോണാ ഞാൻ ആരാണ്? കർണന്റെ ഇളകുന്ന കുണ്ഡലങ്ങളിൽ ലയിച്ച് നിശ്ശബ്ദമായി നോക്കിക്കൊണ്ട് നിഷ്കളങ്ക ഭാവത്തോടെ അവൻ പറഞ്ഞു. 'എന്റെ വസു ഏട്ടൻ'. നിഷ്കളങ്കമായ സഹോദരസ്നേഹത്തിന്റെ തീവ്രബിംബങ്ങൾ അതി മനോഹരമായും വൈകാരികമായും സാവന്ത് ആവിഷ്ക്കരിച്ചിരിക്കുന്നു. ഒന്നാം അധ്യായം കർണന്റെ വൈകാരികതകളിലൂടെ സഞ്ചരിക്കുമ്പോൾ രണ്ടാം അധ്യായം കുന്തിയുടെ വൈകാരികതകളിലൂടെ കടന്നുപോകുന്നു. അതിൽ കുന്തിയുടെ ചെറു പ്പകാലത്തെയും അവരുടെ വ്യഥകളെയും വരച്ചുകാട്ടുന്നു. ഇതിൽ കുന്തി തന്നോട് ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്, നീ ആരാണ്? ഏറെ പ്രസക്തമായ ഒന്നാണ് ഈ

ചോദ്യം. എന്തെന്നാൽ എല്ലാ മനുഷ്യനും അവന്റേതായിട്ടുള്ള പ്രയാസങ്ങൾ ഉണ്ട്. ചില അവസരങ്ങളിൽ ചില സാഹചര്യങ്ങൾ നമ്മെ നമ്മളായി ജീവിപ്പിക്കാൻ വിസ്മരിപ്പിക്കുന്നു. നാം മറ്റൊരാളായി ജീവിക്കേണ്ടി വരുന്നു. അതുതന്നെയാണ് കുന്തിയുടെ കാര്യത്തിൽ സംഭവിച്ചത്. ഈ കഴിഞ്ഞ 50 വർഷത്തിനിടക്ക് ഞാൻ മൂന്ന് കുന്തിമാരുടെ വ്യത്യസ്ത ജീവിതം നയിച്ചു. ഈ മൂന്ന് കുന്തിമാരും ഭിന്നരാണ്. ചിലപ്പോൾ പരസ്പരം നോക്കി അപരിചിതരെപോലെ ചോദിക്കും. നീ ആരാണ്?

ഈ ജീവിച്ച മൂന്ന് കുന്തിയിലും താൻ ഉണ്ടോ എന്നവർക്ക് സന്ദേഹം ഉണ്ട്. സ്നേഹശീലരായ അഞ്ച് ഓമനപ്പുത്രൻമാർ. രാജമാതാവ് എന്ന നിലയിൽ ഹസ്തിനപുരിയാകെ എന്റെ മുമ്പിൽ ശിരസ്സുനമിക്കുന്നു. എല്ലാ സൗഭാഗ്യങ്ങളും ഉണ്ടായിട്ടും അവരുടെ മനസ്സ് എപ്പോഴും അസ്വസ്ഥമാണ്. അത് കർണ്ണനെപ്പറ്റി ഓർത്തിട്ടാണ്. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം സ്വന്തം മകനെ ഉപേക്ഷിക്കേണ്ടി വന്ന ഹതഭാഗ്യയാണ് താൻ. സ്വന്തം പുത്രന്മാർ തമ്മിൽ വെല്ലുവിളിക്കുന്നതും തന്റെ പ്രഥമപുത്രനായ കർണ്ണനെ, സ്വന്തം ജ്യേഷ്ഠനെ സഹോദരങ്ങൾ അപമാനിക്കുന്നതുകണ്ട് വിങ്ങിപ്പൊട്ടുന്ന മാതൃഹൃദയം ഒന്നും മിണ്ടാൻ ആകാതെ നോക്കിനിന്നുകൊണ്ട് ഒടുവിൽ കുന്തീദേവി മോഹാലസ്യപ്പെട്ട് വീഴുന്നതും മഹാഭാരതത്തിൽ ആയുധ പരീക്ഷണ വേദിയിലെ ഒരു സന്ദർഭത്തിൽ കാണിക്കുന്നുണ്ട്. അവിവാഹിത ആയിരിക്കുമ്പോൾ ഒരു കുഞ്ഞിന് ജന്മം നൽകേണ്ടി വരുന്നു. പിന്നീട് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം അതിനെ ഉപേക്ഷിക്കുന്നു. കൗന്തേയനായി, പാണ്ഡവരുടെ മൂത്ത ജ്യേഷ്ഠനായി ഭാവി ഹസ്തിനപുരത്തിന്റെ രാജാവായി വാഴേണ്ടിയിരുന്ന ധീരൻ സൂതനായി നിരവധി അപമാനങ്ങൾ പേറിയാണ് ജീവിക്കേണ്ടി വരുന്നത്. കുലത്തിന്റെ കാരണത്താൽ ഗുരുക്കളാൽ തൃയിക്കപ്പെട്ട്, സ്വന്തം സഹോദരങ്ങളാൽ അപമാനിക്കപ്പെട്ട്, സമൂഹത്തിൽ വഞ്ചിക്കപ്പെട്ട്, അപമാനിതനായ കർണ്ണൻ ജീവിതം മുഴുവൻ അഗ്നിപാലനം ചെയ്തു. കൊടിയ അപമാനഭാരത്താൽ സംഘർഷഭരിതമായിരിക്കുന്ന ആ മനസ്സ് കർണ്ണന്റെ നിസ്സഹായത ഉള്ളിൽ എരിഞ്ഞ് പാറിയ ജ്വാലകൾ ധർമത്തിന്റെ പ്രതിരൂപം അത്യന്ത പൗരുഷം ഇതെല്ലാം കർണന്റെ വൈകാരികതലങ്ങളിലൂടെ വീക്ഷിച്ചുകൊണ്ട് വായനക്കാരുടെ മനസ്സിന്റെ ഉള്ളറയിലേക്ക് കർണൻ എന്ന മഹാവ്യക്തിത്വത്തിന്റെ ജീവിതം അതിമനോഹരവും ഭാവതലങ്ങളെ തൊട്ടുണർത്തുന്ന വൈകാരിക സംഭവങ്ങൾ കൊണ്ട് കോറിയിടുകയാണ് നോവലിസ്റ്റ് ചെയ്തിരിക്കുന്നത്.

ഈ നോവലിസ്റ്റിന്റെ ആഖ്യാനത്തിൽ ഒരിക്കലും ഒരു കഥാപാത്രത്തിന്റെ തെറ്റുകളെ ചൂണ്ടിക്കാണിച്ചു കൊണ്ട് മറ്റ് കഥാപാത്രത്തിന്റെ ശരിയെ വ്യാഖ്യാനി

ക്കുന്ന ഒരു രീതിയും കാണുന്നില്ല. അതായത് ഒരു അധ്യായത്തിൽ ഒരു കഥാപാത്രം വിവരിക്കുന്ന സംഭവം മറ്റൊരു അധ്യായത്തിൽ മറ്റൊരു കഥാപാത്രം വിവരിക്കുമ്പോൾ ശരിയും തെറ്റും ഇല്ലാതാകുന്നു. മറിച്ച് ആ സംഭവം അതിന്റെ പൂർണ്ണതയിൽ കൂടുതൽ മിഴിവോടെ വായനക്കാരിലേക്ക് എത്തിച്ചേരുന്നു. ഇതൊരു ജീവിതോപദേശം കൂടി ആണ്. 'മറ്റുള്ളവരെ വിധിക്കരുത്' എന്ന ബൈബിൾ വാക്യം നാം പ്രവൃത്തിയാക്കേണ്ടതിന്റെ ആവശ്യകത ഈ കൃതി നമുക്ക് കാട്ടിത്തരുന്നു.

മഹാഭാരതത്തെ മുൻനിർത്തിക്കൊണ്ട് പി.കെ.ബാലകൃഷ്ണൻ എഴുതിയ നോവലാണ് 'ഇനി ഞാൻ ഉറങ്ങട്ടെ'. മലയാള സാഹിത്യത്തിലെ തന്നെ ഒരു മികച്ച ക്ലാസിക്ക് നോവലുകളുടെ പട്ടികയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു നോവലാണിത്. നിരവധി എഴുത്തുകാർ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്ത പുസ്തകം. ഇത് നിരവധി ഭാഷകളിൽ തർജ്ജിമ ചെയ്തിട്ടുണ്ട്. 1973-ലാണ് പി.കെ.ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന ഈ നോവൽ പുസ്തകരൂപത്തിലാക്കിയത്. 1974-ൽ ഈ പുസ്തകത്തിന് വയലാർ അവാർഡും ലഭിച്ചു.

കർണന്റെ സമ്പൂർണകഥയാണ് ഇതിന്റെ ഇതിവൃത്തം. ദ്രൗപദിയുടെ കാഴ്ചപ്പാടിലൂടെയും മനോവികാരങ്ങളിലൂടെയും കർണന്റെ ജീവിതം വരച്ചു ചേർത്തുവെച്ചിരിക്കുന്ന മനോഹരമായ ഒരു നോവൽ. ഈ നോവലിൽ മൂന്ന് തലങ്ങൾ കാണാൻ കഴിയും. ഒന്നാമത്തെ തലത്തിൽ ദ്രൗപദിയുടെ കാഴ്ചപ്പാടുകളും മനോവികാരങ്ങളുമാണ് ചർച്ച ചെയ്യുന്നത്. രണ്ടാമത്തെ തലത്തിൽ പ്രതിപാദിക്കുന്നത് കർണന്റെ ഓർമ്മ ദ്രൗപദിയിലൂടെ കടന്നുപോകുന്നതാണ്. മൂന്നാമത്തെ തലത്തിൽ വരുമ്പോൾ മറ്റ് സമാന്തരകഥാപാത്രങ്ങളുടെ ആഗമനവും അവരുടെ ചിന്തകളിലൂടെ അവരുടെ മനോരഥങ്ങളിലൂടെ തെളിഞ്ഞുവരുന്ന കർണനെയും നമുക്ക് കാണാൻ സാധിക്കും. മൂന്ന് തലങ്ങളിലായി വേറിട്ട തലത്തിലുള്ള ആവിഷ്ക്കരണം മൂലം വേറിട്ട ഒരു വായനാനുഭവം വായനക്കാരിലുണർത്തുവാൻ നോവലിസ്റ്റിന് സാധിക്കുന്നു. ദ്രൗപദിയും കർണനും നിറഞ്ഞുനിൽക്കുന്ന നോവലാണിത്. ദ്രൗപദിയുടെ മനോവികാരങ്ങളിലൂടെ കർണന്റെ ജീവിതം അതിമനോഹരമായി നോവലിസ്റ്റ് ആവിഷ്കരിക്കുന്നു. തന്റെ ജീവിതകഥയുടെ പ്രതിഫലനമായി ദ്രൗപദിയുടെ കാഴ്ചപ്പാടിലൂടെ ഈ നോവൽ കർണന്റെ കഥ പറയുന്നു. ഇതിഹാസത്തിലെ ചില കറുത്ത സത്യങ്ങളെ വെളിവാക്കുവാൻ നോവലിസ്റ്റ് ഈ കൃതിയിലൂടെ ശ്രമിക്കുന്നുണ്ട്. പാണ്ഡവർക്ക് അവകാശപ്പെട്ട രാജ്യത്തിന്റെ രാജാവാകേണ്ട ജ്യേഷ്ഠസഹോദരനെ യുദ്ധത്തിൽ ചതിയിലൂടെ വധിച്ചാണ് തന്റെ പതിമാർ യുദ്ധം വിജയിച്ചതെന്ന അറിവ് ദ്രൗപദിയെ സ്വന്തം ജീവി



SCAN AnyScanner

ത്തിന്റെ അർത്ഥമില്ലായ്മയെ വീണ്ടും നോക്കിക്കാണാൻ നിർബന്ധിതയാക്കുന്നു. ദ്രൗപദിയിലൂടെ മഹാഭാരതകഥയെ പുനരാവിഷ്ക്കരിച്ച്-കർണന്റെ ത്യാഗനിർഭരമായ ജീവിതത്തെക്കൂടി കണ്ണിചേർത്ത് ഭാവസാന്ദ്രമായി സമഗ്രചിത്രമായി ആവിഷ്ക്കരിക്കുകയാണ് പി.കെ.ബാലകൃഷ്ണൻ "ഇനി ഞാൻ ഉറങ്ങട്ടെ" എന്ന നോവലിലൂടെ നിർവഹിക്കുന്നത്.



AnyScanner

# ഉപസംഹാരം

പുരാണേതിഹാസകഥകൾ ഏതുകാലത്തെയും സർഗപ്രതിഭകൾക്ക് പ്രചോദനമേകിയിട്ടുണ്ട്. 'മഹാഭാരതം', 'രാമായണം' എന്നിവയാണ് മഹത്തായ രണ്ട് ഇതിഹാസങ്ങൾ. മഹാഭാരതവും, രാമായണവും ഭാരതത്തിലെ രണ്ട് മഹത്തായ ഇതിഹാസങ്ങളായി പറയുന്നുണ്ടെങ്കിലും വേദകാലത്ത് 'മഹാഭാരതം' ഇതിഹാസമെന്നും 'രാമായണം' ആഖ്യാനം എന്നുമുള്ള വേർതിരിവ് നിലനിൽക്കുന്നു. ഭാരതത്തിലെ ഏറ്റവും ബൃഹത്തായ ഇതിഹാസമായി മഹാഭാരതത്തെ കണക്കാക്കുന്നു. ഈ കാവ്യത്തെ അധികരിച്ച് കൊണ്ട് നിരവധി സാഹിത്യകൃതികൾ മലയാളത്തിലും മറ്റ് ഭാഷകളിലും രൂപപ്പെട്ടിട്ടുണ്ട്. മഹാഭാരതത്തിലാകമാനം വ്യാപിച്ചുകിടക്കുന്ന അനേകായിരം കഥാപാത്രങ്ങളിൽ നിന്നും ചിലരെ അടർത്തിയെടുത്ത് അവരിലൂടെ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നതിലാണ് ആധുനികരായവർക്ക് താൽപര്യം.

വ്യാസഭാരതത്തിലെ പ്രധാന കഥാപാത്രങ്ങളെ എടുത്തുനോക്കിയാൽ എക്കാലവും അലയടിക്കുന്ന തിരയാണ് കർണ്ണൻ. ജീവിതമെന്ന വൻകടലിൽ അകപ്പെട്ട് മുന്നോട്ടുപോകാനായി പരിശ്രമിക്കുന്നു. അവഗണനകളിലും പ്രതിസന്ധികളിലും ഉലയാതെ നിത്യദീപമായി വിളങ്ങുന്ന കഥാപാത്രമായാണ് കർണ്ണൻ നിലകൊള്ളുന്നത്. കർണ്ണനെ ആസ്പദമാക്കി നിരവധി സാഹിത്യകൃതികൾ രൂപപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ ശ്രദ്ധേയമായ രണ്ട് നോവലുകളാണ് മറാത്തി നോവലിസ്റ്റായ ശിവാജി ഗോവിന്ദ് സാവന്തിന്റെ 'മൃത്യുഞ്ജയ'യും (കർണ്ണൻ), പി.കെ.ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ' എന്നതും. ദ്രൗപദിയുടെ മനോവികാരങ്ങളിലൂടെ കർണ്ണനെ അവതരിപ്പിക്കുകയാണ് ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവലിൽ. എന്നാൽ മൃത്യുഞ്ജയയിൽ കർണ്ണൻ, ദുര്യോധനൻ, കുന്തി, ശ്രീകൃഷ്ണൻ എന്നിവരെ കേന്ദ്രബിന്ദുക്കളാക്കിയിരിക്കുന്നു. ഇവ രണ്ടിലും കർണ്ണകഥയാണ് കേന്ദ്രബിന്ദു എങ്കിലും ഇവ നമ്മെ ചൂണ്ടിക്കാട്ടാൻ ശ്രമിക്കുന്നത് വംശീയതയാണ്. കുലം, ജാതി എന്നിവയുടെ പേരിൽ നിരവധി അവഗണനകൾക്ക് വിധേയമായതാണ് കർണ്ണൻ. കർണ്ണൻ എന്ന വ്യക്തിയുടെ ധീരതയെ പരിഗണിക്കാതെ അവന്റെ കുലമഹിമയാണ് സമൂഹം നോക്കിയത്. ഇതിലൂടെ നമുക്ക് മനസ്സിലാവുന്നത് ഇന്ന് തുടങ്ങിയ ഒന്നല്ല ജാതിയുടെയും മതത്തിന്റെയും പേരിലുള്ള അവഗണന. കാലങ്ങൾക്ക് മുമ്പേ ഇവ സമൂഹത്തിൽ നിലനിന്നിരുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന വ്യവസ്ഥകളിൽ ഏറ്റവും നീചമായത് ജാതി മതങ്ങളെ ആസ്പദമാക്കിയുള്ള വ്യവസ്ഥയാണ്. ഇത് ഒരു വ്യക്തിയെ മനുഷ്യനല്ലാതാക്കുകയും പലവിധ ദുഷ്പ്രവർത്തികളിലേക്ക് നയിക്കു

കയും ചെയ്യുന്നു. ഇങ്ങനെയുള്ള വംശീയതകൾ സമൂഹത്തിൽ ഉണ്ടായിരുന്നു എന്ന തിന് തന്നെ തെളിവുകളായിട്ടുള്ളത് ഇത്തരം പുരാണങ്ങളും ഇതിഹാസങ്ങളുമാണ്. വ്യാസ ഇതിഹാസത്തിൽ കർണ്ണൻ എന്നും ജ്വലിക്കുന്ന കഥാപാത്രമായി ജനഹൃദയ ങ്ങളിൽ നിലനിൽക്കുന്നു. എന്തെന്നാൽ ഇതിഹാസത്തിലെ വംശീയതയുടെ ദൃഷ്ടാ ന്തമാണ് കർണ്ണൻ. എല്ലാം ഉണ്ടായിട്ടും ഒന്നും ഇല്ലാത്തവനെപോലെ കഴിയേണ്ടി വന്ന വൻ. കുലത്തിന്റെ പേരിൽ എല്ലാ വേദികളിൽ നിന്നും തന്നെ അവഗണിക്കുന്നവരിൽ എന്നും ഒരുപടി മുന്നിൽ കർണ്ണൻ തന്നെയാണ്. അവനെ അപമാനിക്കുന്നവർക്കും അത റിയാം. അറിയുന്നവർ അത് പുറത്ത് പറയുന്നതും ഇല്ല. സമൂഹത്തിലെ കുറ്റപ്പെടുത്ത ലുകളും അവഗണനകളും പിന്നെയും നേരിടാം. എന്നാൽ സ്വന്തം അമ്മയിൽ നിന്ന് ഉണ്ടാവുന്ന അവഗണന ഏത് ഒരു മനുഷ്യനെ സംബന്ധിച്ചെടുത്തോളം വലുതാണ്. എങ്കിലും തന്റെ ജീവിതം പോരാടി മുന്നേറുകയാണ് ചെയ്തിട്ടുള്ളത്. സ്വന്തം ജീവിതം കൊണ്ട് മഹനീയമായ മഹത് വ്യക്തി. സ്വന്തം കർമ്മങ്ങൾ കൊണ്ട് മൃത്യുവിനെപ്പോലും ജയിക്കാനായ അതുല്യ വ്യക്തിത്വം.

കർണന്റെ ജീവിതവും സ്വഭാവവും ഇന്നുള്ളവർക്ക് ഒരു പാഠമാണ്. എങ്ങനെ വേണം ഒരു വ്യക്തി എന്ന് കർണനെ നോക്കിയാൽ മനസ്സിലാക്കാം. പണത്തിനേക്കാ ളും, സമ്പത്തിനേക്കാളും കർണ്ണൻ പ്രാധാന്യം നൽകിയത് ബന്ധങ്ങൾക്കും വിശ്വാസ ങ്ങൾക്കുമാണ്. താൻ സർവ്വസൗഭാഗ്യത്തിൽ രാജാവായി ജീവിക്കേണ്ടവൻ ആണെന്ന റിഞ്ഞിട്ടും സ്വന്തം പ്രവർത്തിയിലും വിശ്വാസത്തിലും ഉറച്ചു നിന്നു. എത്ര വലിയ പ്രതി സന്ധി ആയാലും സ്വന്തം ജീവൻ പോയാൽ പോലും ധർമ്മത്തിന് പ്രാധാന്യം നൽകി. ഇങ്ങനെയുള്ള സ്വഭാവങ്ങൾ ആകണം ഓരോ മനുഷ്യനും. സമൂഹത്തിൽ നിലനിന്നി രുന്ന ദുരാചാരത്തെയും, കർണസ്വഭാവത്തെയും ഈ രണ്ട് നോവലിസ്റ്റുകൾ സമൂഹ ത്തെയും സഹൃദയരെയും മനസ്സിലാക്കിക്കുകയാണ് ഈ നോവലുകളിലൂടെ. എന്താണ് ഒരു മനുഷ്യൻ, എങ്ങനെയായിരിക്കണം ഒരു മനുഷ്യൻ എന്ന് വളരെ വ്യക്തമായി തന്നെ മനസ്സിലാക്കി തരുന്നു.

# ഗ്രന്ഥസൂചി


1. അനിൽ പനച്ചൂരാൻ — കർണ്ണൻ (കവിത), ഡി.സി ബുക്സ്.
2. ചന്ദ്രൻ ഡോ.പി.കെ, ജയശ്രീ ഡോ.ടി.ആർ — 2022 മലയാളവിവർത്തനം കർണ്ണൻ, ഡി.സി.ബുക്സ്.
3. പത്മനാഭ പിള്ള ശ്രീകണ്ഠേശ്വരം — 1917 ശബ്ദതാരാവലി, ഡി.സി ബുക്സ്, കോട്ടയം.
4. ബാലകൃഷ്ണൻ.പി.കെ — 1973 ഇനി ഞാൻ ഉറങ്ങട്ടെ, ഡി.സി ബുക്സ്, കോട്ടയം.
5. മാധവൻ നായർ.വി — 1964 കർണശപഥം (ആട്ടക്കഥ), ഡി.സി ബുക്സ് കോട്ടയം
6. വേദവ്യാസൻ — മഹാഭാരതം
7. ശിവാജി സാവന്ത് — 1955 മൃത്യുഞ്ജയ, ഡി.സി ബുക്സ്, കോട്ടയം
8. ഇളയിടം സുനിൽ പി. — 1920 'മഹാഭാരതം' സാംസ്കാരിക ചരിത്രം, ഡി.സി ബുക്സ്, കോട്ടയം


AnyScanner